
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 27 | THE ONLINE OFFICIAL NEWS BULLETIN | 2024 June 13

SEASON OF PENTECOST ‌ പെന്തിക്കോസ്തികാലം ‌ ܙܒܢܐ ܕܦܢܛܝܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪3 4th Sunday after Pentecost; Apostles' Fast Begins 16	♪7 17	♪3 18	♪7  Comme. of St. James the apostle (First Bishop of Jerusalem) 19	♪3 20	♪7 21	♪3 22



His Holiness Baselios Marthoma Mathews III visited St Patrick's Pontifical University, Maynooth, during his Apostolic visit to Ireland. HH met with Dr. Neil Xavier O'Donoghue in the National Centre for Liturgy to discuss possibilities for future collaborations with the Pontifical University. In the photo (left to right) - Rev. Dr. Anish John (recent Malankara Orthodox graduate of the Pontifical University), Bishop Abraham Mar Stephanos, HH Mathews III and Rev. Dr. Neil Xavier O'Donoghue.



HH Baselius Marthoma Mathews III and Abraham Mar Stephanos commemorated Fr. Dr. Shapurji Bhabha (The first ordained priest of the Malankara Orthodox Syrian Church in England).



His Eminence Archbishop Angaelos of the Coptic Diocese of London, received His Holiness the Catholicos at the Coptic Orthodox Centre in Stevenage.



HH Baselius Marthoma Mathews III led the Ecumenical Vesper at the Sanctuary (Coptic Orthodox Church) Saint Andrew by the Wardrobe, Saint Andrew's Hill. The service was attended by Anba Angelos of London (Coptic Orthodox Church), Bishop Hovakim Manukyan of the UK (Armenian Apostolic Church), and HG Mar Awraham Youkhanis (Church of the East).

പരിശുദ്ധ കാതോലിക്കാ ബാവാ അനുശോചിച്ചു

കോട്ടയം: കുവൈറ്റിൽ തീപിടുത്തം മൂലമുണ്ടായ അപകടത്തിൽ മരണമടഞ്ഞവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരുന്നതായി പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. പ്രതീക്ഷകൾ നിറഞ്ഞ പ്രവാസ ജീവിതത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ ഈ അപകടം ഏറെ ആശങ്ക ജനിപ്പിക്കുന്നതായി പരിശുദ്ധ കാതോലിക്കാ ബാവാ കൂട്ടിച്ചേർത്തു. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് ദൈവം സമാധാനവും ശാന്തിയും നൽകട്ടെയെന്നും, പരുക്കേറ്റവർക്ക് വേഗം സൗഖ്യം ലഭ്യമാവട്ടെ എന്നും പ്രാർത്ഥിക്കുന്നതായി അനുശോചന സന്ദേശത്തിൽ പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ പറഞ്ഞു.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

1. കളത്തിൽ മാത്തൻ മൂപ്പിലേക്കു. കുഴിപ്പള്ളി വക നിലം ലേലത്തിൽ പോയതു പള്ളിവകയ്ക്കു മൂപ്പീന്നു വീണ്ടെടുക്കണമെന്നും മറ്റും. 1919-നു കൊല്ലം 1095-മാണ്ടു വൃശ്ചിക മാസം 5-നു പരുമല സിമ്മനാരി.

5-നു ഒരു മണിക്കു പരുമല സിമ്മനാരിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു 6-നു രാവിലെ കോട്ടയം സിമ്മനാരിയിൽ എത്തി.

2. മലങ്കരയുള്ള ആത്മീയ മക്കൾക്കു. ബ്രഹ്മവാറിലെ സഭയ്ക്കു വേണ്ട പണസഹായം ചെയ്യണമെന്നും മറ്റും. 1919-നു 1095 വൃശ്ചികം 9-നു കോട്ടയം സിമ്മനാരി.

3. കലയക്കാട്ടിൽ തോമ്മസു കത്തനാർക്കു. കീവറീതിനെ അയക്കണമെന്നും സി. വി. ... ചിട്ടിപ്പണം കൊടുക്കണമെന്നും. 1919-നു 1095 വൃശ്ചികം 10-നു. കോട്ടയം സിമ്മനാരി.

4. മങ്കുഴി ഗീവറുഗീസു കത്തനാർക്കു. തോമാച്ചനെ ഈ സിമ്മനാരിയില യച്ചു പഠിപ്പിക്കണമെന്നും മറ്റും. ടി തീയതി. ടി. സ്ഥലം.

5. പറമ്പിൽ കോര കത്തനാർക്കു. ബ്രഹ്മവാറുകാരുടെ ഇവിടുത്തെ യാത്ര, പണപ്പിരിവു മുതലായവ സംബന്ധിച്ചു. 1919-നു 1095 വൃശ്ചികം 10-നു. കോട്ടയം.

6. ഇ. ജെ. ജോൺ വക്കീലിനു. ചെന്നിത്തല പള്ളിക്കാര്യം സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

7. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. ബസ്ക്യാമ്മയുടെ മരണം സംബന്ധിച്ച അനുശോചനവും ആശ്വാസവും അടങ്ങിയ കല്പന. ടി തീയതി. ടി. സ്ഥലം.

8. നടുവേലി കൊന്നയിൽ യോഹന്നാനു. ... പള്ളിക്കാര്യം സംബന്ധിച്ചു. ടി തീയതി. ടി. സ്ഥലം.

9. കൊച്ചുകോശിക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി. സ്ഥലം.

10. ഓലിക്കൽ യൗസേപ്പു കത്തനാർക്കു. അയ്യമ്പള്ളിലെ വർത്തമാനങ്ങൾ സംബന്ധിച്ചും മറ്റും. 1919-നു 1095 വൃശ്ചികം 10-നു കോട്ടയം.

11. മാറാച്ചേരിൽ ഇത്താപ്പിരി കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി. സ്ഥലം.

12. പി. കെ. ദാനിയേലിനു. സിറിയൻ ചർച്ച് മാസിക സംബന്ധിച്ചു. 1095 വൃശ്ചികം 10-നു കോട്ടയം.

13. കോച്ചേരി കാളമ്മാലി വർക്കി പൈലിക്കു. ടിയാൻ ആവശ്യപ്പെട്ട എഴുത്തുകളയച്ചിട്ടുണ്ടെന്നും മറ്റും. 1919-നു 1095 വൃശ്ചികം 10-നു കോട്ടയം സിമ്മനാരി.

14. നിലയ്ക്കൽ പള്ളിക്കാർക്കു. കന്നി മാസത്തിൽ ഇവിടെ കൂടിയ യോഗ നിശ്ചയങ്ങൾ നടപ്പിൽ വരുത്തുന്നതിനു വേണ്ടി ഈ മാസം 14-നു ശനിയാഴ്ച നാം അവിടെ എത്തുന്നതാണെന്നും മറ്റും. 1919-നു 1095 വൃശ്ചികം 12-നു കോട്ടയം സിമ്മനാരി.

15. പുതുപ്പള്ളി പള്ളിക്കാർക്കും.

16. പരിയാരത്തു മാർ അപ്രേം പള്ളിക്കാർക്കും.

17. അഞ്ചേരി പള്ളിക്കാർക്കും. നിലയ്ക്കൽ പള്ളിയിൽ 15-നു ഞായറാഴ്ച എത്തണമെന്നും മറ്റും. 1095 വൃശ്ചികം 12-നു കോട്ടയം.

18. വെൺമണി പള്ളി ഇടവകക്കാരായ കീച്ചേരിയത്തു അയ്പിനും പള്ളി പടിഞ്ഞാറ്റേതിൽ തൊമ്മിക്കും വിരിപ്പുകൂട്ടത്തിൽ ഗീവറുഗീസിനും കൂടി. ടി പള്ളി സംബന്ധമായ കുഴപ്പങ്ങളെക്കുറിച്ചു പരാതി കിട്ടിയിരിക്കുന്നതിനാൽ അതിനെക്കുറിച്ചു തീരുമാനിക്കുന്നതിനായി ... കോട്ടയം സിമ്മനാരിയിൽ നിന്നും.

20. മലങ്കരയുള്ള ആത്മീയ മക്കൾക്കു. കൊല്ലപ്പെട്ട ആറ്റുപുറത്തു പാപ്പിയുടെ മകളുടെ കല്യാണത്തിനു വേണ്ട ധനസഹായം ചെയ്യണമെന്നും മറ്റും. 1919-നു 1095 വൃശ്ചികം 12-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

21. കൊച്ചുമെത്രാച്ചനു. പരുമല സംഗതി, ... യാക്കോബിന്റെ പട്ടം മുതലായവ സംബന്ധിച്ചു. 1919-നു 1095 വൃശ്ചികം 13-നു കോട്ടയം.

22. ഈവാനിയോസു മെത്രാച്ചനു. മെഴുവേലി കത്തനാച്ചന്റെ കൊച്ചനു പട്ടം കൊടുക്കണമെന്നു. 1919-നു 1095 വൃശ്ചികം 13-നു കോട്ടയം.

23. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനു. കുന്ദംകുളം വർത്തമാനങ്ങൾ അറിയിക്കണമെന്നു. 1919-നു 1095 വൃശ്ചികം 16-നു കോട്ടയം.

24. മഴുവഞ്ചേരിപറമ്പത്തു പൗലോക്കുഞ്ഞിച്ചാക്കോ. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

25. വാളനടിയിൽ സ്കറിയാ കത്തനാർക്കു. വർത്തമാനങ്ങൾക്കും പാലപ്പള്ളിൽ കത്തനാരച്ചന്റെ ഭാര്യയുടെ മരണത്തിൽ അനുശോചിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

26. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. ടി സംഗതിക്കും മറ്റും. ടി തീയതി. ടി സ്ഥലം.

27. സി. എം. തോമ്മസ് ശെമ്മാശനു. ആവിയോടു കത്തനാരെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

28. ചെറുവത്തൂർ കുറിയാക്കോസു കത്തനാർക്കു. ടിയാന്റെ ശസ്ത്രക്രിയ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

29. ഉതുപ്പച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

30. ... വക്കീലിനു. വർത്തമാനങ്ങൾക്കും മറ്റും. 1919-നു 1095 വൃശ്ചികം 13

-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

31. കൊച്ചി ക്രിസ്ത്യൻ അവകാശ ബിൽ കമ്മട്ടി സെക്രട്ടറിക്കു.

സാർ, അയച്ചുതന്ന ചോദ്യകടലാസും എഴുത്തുകളും കിട്ടി. തിരുവിതാംകൂർ ക്രിസ്ത്യൻ അവകാശ ബില്ലിൽ കാണുന്നതിൽ സ്ത്രീകൾക്കുള്ള അവകാശങ്ങളെ അല്പം കുറച്ചും അവർക്കു കാലക്ഷേമത്തിനു ബുദ്ധിമുട്ടും മറ്റവകാശങ്ങളിൽ നിന്നു ഉപദ്രവങ്ങളും നേരിടാതിരിക്കത്തക്കവണ്ണവും നിയമമുണ്ടാക്കുന്നതു നന്നായിരിക്കുമെന്നാണു നമ്മുടെ അഭിപ്രായം. തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള നമ്മുടെ സമുദായം ... സമുദായമായി വർത്തിച്ചു പോരുന്നതിനാലും തമ്മിൽ തമ്മിൽ വിവാഹസംബന്ധം നടത്തി വരുന്നതിനാലും ഇപ്പോഴുള്ള ഈ യോജിപ്പും സംബന്ധവും ഒന്നിനൊന്നിനു വർദ്ധിപ്പിക്കയല്ലാതെ കുറയ്ക്കുന്നതു നമ്മുടെ സമുദായക്ഷേമത്തിനു നല്ലതല്ലാത്തതിനാലും രണ്ടു സംസ്ഥാനങ്ങളിലെയും അവകാശങ്ങളിൻമേൽ നാം പറഞ്ഞിട്ടുള്ള ... കഴിവുള്ളടത്തോളം യോജിച്ചിരിക്കുന്നതു നന്നായിരിക്കുമെന്നും കൂടെ നമുക്കഭിപ്രായമുണ്ട്. ഇങ്ങനെ പൊതുവെ അല്ലാതെ ഓരോ ചോദ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കുന്നതിനു ഇപ്പോൾ നമുക്കു സൗകര്യമില്ലാതിരിക്കുന്നതിൽ വ്യസനിക്കുന്നു. ... 28-11-1919.

32. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. ... ടി തീയതി. ടി സ്ഥലം.

34. ചാവടിയിൽ തൊമ്മിയേച്ചനു. ചന്ദനപ്പള്ളിക്കാരുടെ കേസിൽ നടപ്പും, മനഃസാക്ഷിയുമനുസരിച്ചു മൊഴി കൊടുക്കണമെന്നും മറ്റും. 1919-നു 1095 വൃശ്ചികം 14-നു കോട്ടയം സിമ്മനാരി.

35. തിരുവിനാൽ ഗീവറുഗീസു കത്തനാർക്ക്. ചന്ദനപ്പള്ളിൽ കുർബാന ചൊല്ലിയതിനെ സംബന്ധിച്ചു ശാസന. 1919-നു 1095 വൃശ്ചികം 14-നു കോട്ടയം.

1095 വൃശ്ചികം 14-നു ഉച്ചകഴിഞ്ഞു മൂന്നു മണിയോടു കൂടി വണ്ടി മാർഗ്ഗം പുറപ്പെട്ടു 5 മണിയോടു കൂടി നിലയ്ക്കൽ പള്ളിയിൽ എത്തി. വഴിമദ്ധ്യേ ദീനത്തിൽ കിടക്കുന്ന ഒറ്റപ്ലാക്കൽ മാത്തുച്ചനെ കയറി കണ്ടു.

36. ചെറുവത്തൂർ മാത്തു കുര്യാക്കുവിനു. വർത്തമാനങ്ങൾക്കു. 1919-നു 1095 വൃശ്ചികം 16-നു നിലയ്ക്കൽ പള്ളി.

37. ചാക്കോ സൂപ്രണ്ടിനു. ധനു 12-നു മാനേജിംഗ് കമ്മട്ടിക്കു വരണമെന്നു. ടി തീയതി. ടി. സ്ഥലം.

38. ജോൺ വക്കീലിനു. ടി സംഗതിക്കു ടി തീയതി. ടി. സ്ഥലം.

39. കരവട്ടു മത്തായിക്കു. കർമ്മേൽ സിമ്മനാരി പള്ളിയിൽ വച്ചു വിവാഹം, മാമ്മോദീസാ ഇവ നടത്തുന്നതിനു അനുവദിച്ചിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി. സ്ഥലം.

40. പൊനോടത്തു മത്തായി കത്തനാർക്കു. വിവാഹം, മാമോദീസാ ഇവ കർമ്മേൽ സിമ്മനാരിയിൽ വച്ചു നടത്തിക്കൊടുക്കണമെന്നു. 1919-നു 1095 വൃശ്ചികം 16-നു നിലയ്ക്കൽ പള്ളിയിൽ നിന്നും.

41. പീലക്സിനോസ് മെത്രാച്ചനു. വർത്തമാനങ്ങൾക്കു. 1919-നു 1095 വൃശ്ചികം 16-നു. നിലയ്ക്കൽ പള്ളി.

42. ഉപ്പൂട്ടിൽ യാക്കോബു കത്തനാർക്കു. തിരുനക്കരെ എരുത്തിക്കൽ തോമ്മാ എന്നയാളിന്റെ തൈലാഭിഷേക കൂദാശ ടിയാൻ ഇപ്പോൾ കൂടെ താമസിപ്പിക്കുന്ന സ്ത്രീയുമായുള്ള ബന്ധം ഒരിക്കലും ഉണ്ടാകയില്ലെന്നു സമ്മതിക്കുന്നപക്ഷം ചില പ്രായശ്ചിത്തങ്ങളോടു കൂടെ നടത്തിക്കൊടുക്കണമെന്നും മറ്റും. 1919-നു 1095 വൃശ്ചികം 16-നു നിലയ്ക്കൽ പള്ളി.

43. വാകത്താനത്തു പള്ളിക്കാർക്കു. അങ്ങോട്ടുള്ള യാത്രയ്ക്കു 19-നു വള്ളം അയച്ചുതരണമെന്നു. 1919-നു 1095 വൃശ്ചികം 17-നു നിലയ്ക്കൽ പള്ളി.

44. പുലിക്കോട്ടിൽ യൗസേപ്പു ശെമ്മാശനു. വർത്തമാനങ്ങൾക്കു. 1919-നു 1095 വൃശ്ചികം 17-നു നിലയ്ക്കൽ.

45. വാളനടിയിൽ സ്കറിയാ കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

46. പാടത്തു ചെറിയതു വർക്കിക്കു. ഇങ്ങോട്ടു വരുന്നതിനു ഒരു മാസത്തിലധികം താമസിക്കരുതെന്നു. 1919-നു 1095 വൃശ്ചികം 18-നു നിലയ്ക്കൽ പള്ളി.

47. ഇലഞ്ഞിക്കൽ ഉതുപ്പച്ചനു. ജഡ്ജ്മെന്റ് അച്ചടിസംബന്ധിച്ചു. 1919-നു 1095 വൃശ്ചികം 18-നു നിലയ്ക്കൽ പള്ളിയിൽ നിന്നും.

48. പാമ്പാടി പ്രവൃത്തിയിൽ കൂരോപ്പട മുറിയിൽ പുയോട്ടുറുമ്പു എന്ന സ്ഥലത്തു പള്ളി വയ്ക്കുന്നതിനു അനുവദിച്ചുള്ള കല്പന.

49. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും കമ്മീഷനെ വാകത്താനത്തിനയയ്ക്കണമെന്നും മറ്റും. 1919-നു 1095 വൃശ്ചികം 19-നു നിലയ്ക്കൽ പള്ളിയിൽ നിന്നും.

50. മാമ്മൻ മാപ്പിളയ്ക്കു. ദിവാൻജിക്കുള്ള എഴുത്തു ഡ്രാഫ്റ്റു ചെയ്തയയ്ക്കണമെന്നു. ടി തീയതി. ടി സ്ഥലം.

51. കരപ്പെനാളിൽ തോമ്മസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. 1919-നു 1095 വൃശ്ചികം 19-നു നിലയ്ക്കൽ പള്ളി.

1095 വൃശ്ചികം 19-നു നിലയ്ക്കൽ ഇംഗ്ലീഷു സ്കൂൾ (പുതുപ്പള്ളി) സന്ദർശിച്ചു. 3 മണിയോടു കൂടി നിലയ്ക്കൽ പള്ളിയിൽ നിന്നും പുറപ്പെട്ടു പടിഞ്ഞാറേമുറിയിൽ യാച്ചന്റെ വീട്ടിൽ കയറി കാപ്പികുടി കഴിഞ്ഞു വള്ളം കയറി സന്ധ്യയോടു കൂടി വാകത്താനത്തു പള്ളിയിൽ എത്തി.

52. നാലുന്നാക്കൽ ... കശീശന്മാർക്കു. നാളെ ഇത്രടം വരണമെന്നു. 1919-നു 1095 വൃശ്ചികം 20-നു വാകത്താനത്തു പള്ളിയിൽ നിന്നും.

53. വെട്ടിക്കൽക്കുന്നേൽ പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

54. മട്ടയ്ക്കൽ മല്പാനു. അച്ചടിച്ച കല്പനകൾ മുതലായതു ഈ കല്പന കൊണ്ടുവരുന്ന കപ്യാരുവശം കൊടുത്തയയ്ക്കണമെന്നു. വൃശ്ചികം 21-നു വാകത്താനം.

55. മട്ടയ്ക്കൽ മല്പാനു. ... ടി തീയതി. ടി സ്ഥലം.

56. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

57. കരിഞ്ചേരിയത്തു അയ്പിനു. നിലയ്ക്കൽ സ്ഥലത്തെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

58. കെ. എ. മാത്യുവിനു. മുമ്പിൽ ഇങ്ങോട്ടു എഴുതിയിരുന്നതിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

59. തേരകത്തു ചെറിയാൻകുഞ്ഞിനു. വർത്തമാനങ്ങൾക്കു. 1919-നു 1095 വൃശ്ചികം 21-നു. വാകത്താനം.

60. നാലുന്നാക്കൽ പള്ളിക്കാർക്കു. 24-നു ചൊവ്വാഴ്ച ആ പള്ളിയിലേക്കുള്ള യാത്രയ്ക്കു ഒരുക്കമുള്ളവരായിരിക്കണമെന്നു. 1919-നു 1095 വൃശ്ചികം 21-നു വാകത്താനത്തു പള്ളിയിൽ നിന്നും.

61. പട്ടച്ചേരിൽ അലക്സന്ത്രയോസു കത്തനാർക്കു. ഇന്നോ നാളെയോ ഇത്രടം വരണമെന്നു. 1919-നു 1095 വൃശ്ചികം 23-നു വാകത്താനത്തു പള്ളിയിൽ നിന്നു.

കുഴിമറ്റത്തു പള്ളിക്കാർക്കു. അടുത്ത ശനിയാഴ്ച അവിടെ എത്തുന്നതാണെന്നു. ടി തീയതി. ടി സ്ഥലം.

62. കളപ്പുരയ്ക്കൽ തോമ്മാ മുതൽപേർക്കു. കൈതയിലായ പഴഞ്ചിറ ചാക്കോ മുതൽപേർ ചേർന്നു നടത്തിവന്ന ലേലച്ചിട്ടി പിടിച്ചു നെല്ലു ടിയാന്മാരെ മുതലു വെച്ചു പലിശകൊണ്ടു ചിട്ടിക്കു വെയ്പാൻ ഏർപ്പാടു ചെയ്താറെ ഇപ്പോൾ അപ്രകാരം ചെയ്യാത്തതു എന്തുകൊണ്ടാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

63. ചാക്കോ സൂപ്രണ്ടിനു. വല്യപാറേട്ടു സ്കറിയായ്ക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നു. 1919-നു 1095 വൃശ്ചികം 24-നു വാകത്താനം പള്ളി.

1095 വൃശ്ചികം 24-നു വാകത്താനത്തു പള്ളിയിൽ നിന്നു പുറപ്പെട്ടു കോയിപ്രത്തു ചെറിയാപ്പിയുടെ വീട്ടിൽ എത്തി ഭക്ഷണം കഴിഞ്ഞ് പുറപ്പെട്ടു. വാകത്താനം പെൺപള്ളിക്കൂട കെട്ടിടത്തിന്റെ അടിസ്ഥാന കല്ലിട്ടശേഷം വണ്ടി വഴി പുറപ്പെട്ടു 5 മണിയോടു കൂടി നാലുന്നാക്കൽ പള്ളിയിൽ എത്തി.

64. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കും
65. മുറന്തുക്കിൽ മാത്തു കത്തനാർക്കു
66. പൂവത്തൂർ മൂപ്പച്ചനും
67. പനയ്ക്കാട്ടുമറ്റത്തു അബ്രഹാം കത്തനാർക്കും
68. മട്ടയ്ക്കൽ മല്പാനും
69. പനയ്ക്കൽ പാത്തപ്പനും
70. ചാക്കോ സൂപ്രണ്ടിനും

71. കുളങ്ങര പൈലി ഇട്ടിയച്ചനും
72. കാരുവേലിൽ കുഞ്ഞിച്ചെറിയയ്ക്കും
73. ചിറ്റേത്തു ഇത്താപ്പിരി തരകനും
74. ചാലിൽ കൊച്ചുകോരയ്ക്കും
75. കയ്യാലാത്തു ചാക്കോച്ചനും
76. ചിറക്കടവിൽ അബ്രഹാമിനും
77. കണ്ടത്തിൽ ഈപ്പൻ വക്കീലിനും
78. പൂതിയോട്ടു കുരുവിള വർക്കിക്കും
79. വാഴയിൽ ഉതുപ്പാൻ തോമ്മായിക്കും
80. കിഴക്കേവീട്ടിൽ ഗീവറുഗീസു മുതലാളിക്കും
81. ഇലഞ്ഞിക്കൽ ജോൺ വക്കീലിനും

1095 ധനു 12-നു ശനിയാഴ്ചയിലെ മാനേജിംഗ് കമ്മട്ടിക്കുള്ള ക്ഷണക്കത്തുകൾ. 1095 വൃശ്ചികം 25-നു നാലുന്നാക്കൽ പള്ളിയിൽ നിന്നും പുറപ്പെട്ടു വള്ളിക്കാട്ടു പള്ളിയിൽ എത്തി ലുത്തിനിയാ കഴിഞ്ഞു അപ്പോൾത്തന്നെ പുറപ്പെട്ടു സന്ധ്യയോടു കൂടെ വാകത്താനത്തു പള്ളിയിൽ എത്തി. 1095 വൃശ്ചികം 28-നു ശനിയാഴ്ച വാകത്താനത്തു പള്ളിയിൽ നിന്നും പുറപ്പെട്ടു കൂമ്പാടി പുത്തൻപുരയ്ക്കൽ കയറി കാപ്പികുടി കഴിഞ്ഞ് വള്ളംവഴി പുറപ്പെട്ടു വല്യയത്തിൽ കയറി ലഘുഭക്ഷണം കഴിഞ്ഞു പുറപ്പെട്ടു സന്ധ്യയോടുകൂടി കുഴിമറ്റത്തു പള്ളിയിൽ എത്തി.

82. പള്ളത്തു പള്ളിക്കാർക്കു. അടുത്ത ചൊവ്വാഴ്ച അങ്ങോട്ടുള്ള യാത്രയ്ക്കു വേണ്ടുന്ന വണ്ടികളയച്ചു തരണമെന്നു. 1919-നു 1095 വൃശ്ചികം 29-നു കുഴിമറ്റത്തു പള്ളി.

83. ഈവാനിയോസ് മെത്രാച്ചനു. വർത്തമാനങ്ങൾക്കു. 1919-നു 1095 വൃശ്ചികം 30-നു കുഴിമറ്റത്തു പള്ളി.

84. പീലക്സിനോസു മെത്രാച്ചനു. വർത്തമാനങ്ങൾക്കും കമ്മട്ടിക്കു വരണമെന്നും. ടി തീയതി ടി സ്ഥലം.

85. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

86. അയിരൂകുഴിയിൽ തോമ്മസു തോമ്മാച്ചനു. ടിയാന്റെ അപ്പന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

87. ... കത്തനാർക്കു. വർത്തമാനങ്ങൾക്കു.

1095 വൃശ്ചികം 31-നു കുഴിമറ്റത്തു പള്ളിയിൽ നിന്നു പുറപ്പെട്ടു സന്ധ്യയോടുകൂടെ പള്ളത്തു പള്ളിയിൽ എത്തി. ലുത്തിനിയാ കഴിഞ്ഞു. ... എടത്തുംപടിക്കൽ ഓണാട്ടുമൂപ്പിലെ വീടുകൂദാശയ്ക്കായി പോയി. കൂദാശ കഴിഞ്ഞ് രാത്രി 9 മണിക്ക് മടങ്ങി പള്ളിയിൽ എത്തി.

88. പൂതകുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കും പിറവത്തുകാരൻ വർക്കി എന്ന കൊച്ചനു. പോലീസു സംബന്ധമായി വല്ല സംഗതികളും സഹായം ചെയ്യണമെന്നും മറ്റും. 1919-നു 1095 ധനു 2-നു പള്ളത്തു പള്ളിയിൽ നിന്നു.

89. കുറിച്ചി പള്ളിക്കാർക്കു. അഞ്ചിനു ശനിയാഴ്ച അവിടെ എത്തേണ്ടതിലേക്കു വാഹനങ്ങളയച്ചു തരണമെന്നും 1919-നു 1095 ധനു 3-നു പള്ളത്തു പള്ളി.

90. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

91. റ്റി. എം. ജേക്കബിനു കുന്ദംകുളം. സ്ഥലത്തെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

92. കല്ലട നെൽപുരയിൽ ചെറിയാൻ മുതൽപേർക്കു. ടി പള്ളിയിലെ വഴക്കു കൊച്ചുമെത്രാച്ചൻ കേൾക്കുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

93. സി. ഇടിച്ചാണ്ടി വാദ്ധ്യാർക്കു. മകളുടെ കല്യാണത്തിൽ സന്തോഷിച്ചും വല്ലതും സഹായം ചെയ്യാമെന്നും. ടി തീയതി. ടി സ്ഥലം.

94. കുര്യൻ മാസ്റ്റർക്കു. ഡോ. ബാബയുടെ വർത്തമാനങ്ങൾക്കും മറ്റും. 1919-നു 1095 ധനു 3-നു പള്ളത്തു പള്ളിയിൽ നിന്നും.

95. കൊച്ചുമെത്രാച്ചനും
96. ചിറ്റേത്തു ഇത്താപ്പിരി തരകനും
97. കിഴക്കേവീട്ടിൽ ഗീവറുഗീസു മുതലാളിക്കും
98. കാരുവേലിൽ കുഞ്ഞിച്ചെറിയയ്ക്കും
99. പണിക്കരു കത്തനാരച്ചനും
100. പൂവത്തൂർ മൂപ്പച്ചനും
101. മാമ്മൻ മാപ്പിളയ്ക്കും
102. റ്റി. വി. ജോൺ ശെമ്മാച്ചനും
103. എം. പി. പത്രോസു ശെമ്മാച്ചനും
104. കുളങ്ങര പൈലി ഇട്ടിയച്ചനും
105 പാലപ്പള്ളിൽ പൗലൂസു കത്തനാർക്കും
106. പനയ്ക്കാമറ്റത്തു അബ്രഹാം കത്തനാർക്കും
107. പൂതിയോട്ടു കുരുവിള വർക്കിക്കും
108. ചാലിൽ കൊച്ചുകോരയ്ക്കും
109. മുറന്തൂക്കിൽ മാത്തു കത്തനാർക്കും

110. കണ്ടത്തിൽ ഈപ്പൻ വക്കീലിനും. ധനു 12 ശനിയാഴ്ച മാനേജിംഗ് കമ്മട്ടി മീറ്റിംഗിൽ വന്നുചേരണമെന്നും മറ്റും. 1919-നു കൊല്ലം 1095-ാമാണ്ടു ധനു മാസം 3-നു പള്ളത്തു പള്ളിയിൽ നിന്നും.

1095 ധനു 5-നു പള്ളത്തു പള്ളിയിൽ നിന്നും വണ്ടി വഴി പുറപ്പെട്ടു കരിമ്പുംകാലാക്കടവിൽ എത്തി ബോട്ടു കയറി 5 മണിയോടു കൂടി കുറിച്ചിപള്ളിയിൽ എത്തി.

111. പാലപ്പള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കു. 1919-നു 1095 ധനു 7-നു കുറിച്ചി പള്ളിയിൽ നിന്നും.

112. ഈവാനിയോസു മെത്രാച്ചനു. കമ്മട്ടിക്കു വന്നുചേരണമെന്നും മറ്റും.

113. ഉച്ചപ്പള്ളിൽ ഉലഹന്നാനു. വാളനടിയിൽ ശെമ്മാശന്റെ സുഖക്കേടിനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

114. വട്ടയ്ക്കാട്ടിൽ സ്കറിയാ കത്തനാർക്കു. മകൻ ശെമ്മാശന്റെ ദീനത്തെ സംബന്ധിച്ചു ആശ്വാസ കല്പന. ടി തീയതി. ടി സ്ഥലം.

115. റ്റി. റ്റി. തോമസിനു. മുണ്ടക്കയം പള്ളി സംബന്ധിച്ചു.

116. ചെറിയമഠത്തിൽ മൂപ്പച്ചനു. ടി സംഗതി സംബന്ധിച്ചും മറ്റു വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

117. വടശേരിയത്തു യൗസേഫ് കത്തനാർക്കു. മതാപ്പാറ പള്ളിക്കാരുടെ ആഗ്രഹപ്രകാരം തൽക്കാലം വരുന്നതിന് സാധിക്കയില്ലെന്നും മറ്റും. 1919-നു 1095 ധനു 7-നു കുറിച്ചി പള്ളിയിൽ നിന്നും.

1919-നു 1095 ധനു 9-നു രാത്രി കുറിച്ചി പള്ളിയിൽ നിന്നും പുറപ്പെട്ടു 10-നു വ്യാഴാഴ്ച രാവിലെ കോട്ടയം സിമ്മനാരിയിൽ എത്തി.

118. മാത്തുള്ളേച്ചനു. മഴുവന്ത്രക്കാരൻ കത്തനാരച്ചനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നു. ടി തീയതി. ടി സ്ഥലം.

119. റ്റി. എം. ജേക്കബിനു. കുന്ദംകുളം സ്ഥലത്തെ സംബന്ധിച്ചും മറ്റും. 1919-നു 1095 ധനു 11-നു കോട്ടയം സിമ്മനാരി.

120. പുലിക്കോട്ടിൽ ശെമ്മാച്ചനു. കാക്കുണ്ണിയുടെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

121. പുലിക്കോട്ടിൽ കാക്കുണ്ണി ഇട്ടൂപ്പിനു. ടി സംഗതിക്കു.

122. വടക്കടത്തു വല്യവീട്ടിൽ സാറാമ്മയ്ക്കു. ഓമല്ലൂർ പള്ളിക്കാര്യം സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

123. കരപ്പെള്ളിൽ കത്തനാർക്കു. പുരയിടം വാങ്ങിക്കുന്നതിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

124. മാരേട്ടു അബ്രഹാം ശെമ്മാച്ചനു. സിമ്മനാരിയിൽ എത്തി പഠിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

125. പരുത്തിമൂട്ടിൽ ചാക്കോയ്ക്കു. വർത്തമാനങ്ങൾക്കു. 1919-നു 1095 ധനു 11-നു കോട്ടയം സിമ്മനാരി.

126. മാറാച്ചേരിൽ മൂപ്പച്ചനു. വർത്തമാനങ്ങൾക്കു. 1919-നു 1095 ധനു 11-നു കോട്ടയം സിമ്മനാരി.


127. കളത്തിൽ മാത്തൻ മൂപ്പിലേക്കു. കുഴീപ്പള്ളി സംബന്ധമായ കുടിശ്ശിഖ പണം ഈടാക്കുന്നതിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം



തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം - 16

ഡോ. തോമസ് മാർ അത്താനാസിയോസ്

പഴയനിയമവെളിപാട് സഭയ്ക്ക് ആധികാരികമാണ് എന്നും അവിടെ വെളിപ്പെട്ട ദൈവം തന്നെയാണ് ക്രിസ്തുവിൽ വെളിപ്പെട്ടത് എന്നുമുള്ള വസ്തുത തിരുവെഴുത്തുകൾ, ഭാഷാശാസ്ത്രം, പിതാക്കന്മാരുടെ രചനകൾ, വിശ്വാസ പ്രമാണങ്ങൾ, വിശ്വാസപാരമ്പര്യങ്ങൾ എന്നിവയുടെ പിൻബലത്തോടെ നാം മനസ്സിലാക്കിക്കഴിഞ്ഞു. സുറിയാനിസഭയുടെ വേദശാസ്ത്രം ഈ തിരിച്ചറിവിനോടു പൊരുത്തപ്പെടുന്നുണ്ടോ എന്ന കാര്യം കൂടെ അന്വേഷിക്കേണ്ടതുണ്ട് . കാരണം, സുറിയാനിസഭാ വേദശാസ്ത്രം ഈ കാര്യം നിഷേധിക്കുന്നു എന്ന പേരിലാണ് ഈ വാദം സമീപകാലത്ത് ഉയർന്നു വന്നത്.

സുറിയാനിസഭ നവീകരണസഭകളിലേതുപോലെ ക്രോഡീകരിക്കപ്പെട്ട വേദശാസ്ത്രമോ (systematic Theology) കത്തോലിക്കാ സഭയിലേതു പോലെ സൈദ്ധാന്തിക വേദശാസ്ത്രമോ (Dogmatic Theology) രൂപപ്പെടുത്തിയിട്ടില്ല. അതിന്റെ വേദശാസ്ത്രം പിതാക്കന്മാരുടെ രചനകളിലും ആരാധനക്രമങ്ങളിലുമാണ് കണ്ടെത്താനാകുന്നത്. സുറിയാനിപിതാക്കന്മാർ മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് സമഗ്രമായ പഠനങ്ങൾ നടത്തിയതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആരാധനക്രമങ്ങളിൽ പല ഭാഗങ്ങളിലും ഈ കാര്യം സംബന്ധിച്ച പരാമർശങ്ങൾ കണ്ടെത്താനാവും. സുറിയാനിസഭയുടെ ആരാധനക്രമങ്ങൾ മുഴുവനായും ഈ പഠനത്തിന് വിധേയമാക്കുവാൻ ശ്രമിക്കുന്നില്ല . പീഡാനുഭവ ആഴ്ചയിലെ പ്രുമിയോൻ - സെദ്റാകളും ആരാധനക്രമവും മാത്രം പഠന മേഖല (area) യായി പരിമിതപ്പെടുത്തുകയാണ് .

ഈ വിഷയം സംബന്ധിച്ച പരാമർശങ്ങൾ ഉള്ള പീഡാനുഭവ ആഴ്ചയിലെ പ്രാർത്ഥനാഭാഗങ്ങളിൽ ചിലതുമാത്രം വിശകലനത്തിനും പഠനത്തിനുമായി ചേർക്കുന്നു.

'സകലതും സൃഷ്ടിച്ച പിതാവാംദൈവമേ, നീ മനുഷ്യസ്നേഹത്തെ പ്രതി യിസ്രായേലാകുന്ന മുന്തിരിത്തോട്ടത്തെ നട്ടുണ്ടാക്കുകയും മോശൈക ന്യായപ്രമാണമാകുന്ന വേലി അതിനു ചുറ്റും കെട്ടുകയും ന്യായപ്രമാണ ബലികളെ പൂർണ്ണമാക്കുന്ന ആചാര്യസ്ഥാനമാകുന്ന ചക്കിനെ അതിൽ സ്ഥാപിക്കുകയും ചെയ്തു. രഹസ്യകാര്യങ്ങളെ കാണുന്ന ദീർഘദർശനമാകുന്ന ഉയർന്ന ഗോപുരം അതിൽ നീ പണിയുകയും ഉപദേശങ്ങളും ശാസനകളും ശിക്ഷകളും കൊണ്ട് അതിനെ പരിചരിച്ചു സംരക്ഷിക്കാൻ ആചാര്യന്മാരും സപ്രേന്മാരും ആയ വേലക്കാരെ ഭരമേല്പിക്കുകയും ചെയ്തു' (തിങ്കൾ രാത്രിയുടെ മൂന്നാം കൗമ; സെദ്റ, പേജ് 8).

ഇവിടെ പ്രപഞ്ചത്തെ സൃഷ്ടിക്കുകയും യിസ്രായേലിനെ തിരഞ്ഞെടുക്കുകയും അവർക്ക് ന്യായപ്രമാണം പ്രദാനം ചെയ്യുകയും ബലികളും അനുഷ്ഠാനങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുകയും ശിക്ഷകൾ പ്രഖ്യാപിക്കുകയും പൗരോഹിത്യക്രമങ്ങൾ രൂപപ്പെടുത്തുകയും ചെയ്തത് പിതാവാംദൈവമാണെന്ന് പറയുന്നു. പഴയനിയമപ്രകാരം ഇതെല്ലാം പ്രവർത്തിച്ചത് യഹോവയായ ദൈവമാണ് .

അതായത് പിതാവാംദൈവത്തെ യഹോവയായ ദൈവവുമായി അനുരൂപമാക്കുക (identify) യാണ് ചെയ്തിരിക്കുന്നത്. അതായത് സുറിയാനിസഭയുടെ ആരാധനക്രമ പ്രകാരം പഴയനിയമത്തിലെ യഹോവയും പുതിയനിയമത്തിൽ ക്രിസ്തു വെളിപ്പെടുത്തിയ പിതാവാംദൈവവും വ്യത്യസ്തരല്ല എന്ന് ഇവിടെ സൂചിപ്പിക്കുന്നു.

ഇതിനോട് സദൃശ്യമായ പ്രാർത്ഥനകൾ വീണ്ടും നാം കണ്ടെത്തുന്നു:



'ദൈവമേ, നിനക്കിഷ്ടം തോന്നി യിസ്രായേലാകുന്ന ജ്ഞാനമുന്തിരിത്തോട്ടത്തെ ഭൂമിയിൽ പുഷ്ടിയുള്ള സ്ഥലത്ത് കൃപ മൂലം നീ നട്ടുണ്ടാക്കി. നിന്റെ നീതിയാൽ ന്യായപ്രമാണമാകുന്ന വേലി അതിനു ചുറ്റും കെട്ടുകയും നിന്റെ കരുണയാൽ കല്പനകളുടെ ആചരണമാകുന്ന ഗോപുരത്തെ അതിൽ പണിയുകയും നിന്റെ കൃപയാൽ ബലികളുടെയും പാനീയകാഴ്ചകളുടെയും ബലിപീഠമാകുന്ന ചക്കിനെ അതിൽ സ്ഥാപിക്കുകയും ചെയ്തു. നിന്റെ കരുണ മൂലം ജീവന്റെ ഉപദേശങ്ങളാകുന്ന മഴയെ അതിൽ വർഷിപ്പിക്കുവാൻ ദീർഘദർശിമാരെ നിയോഗിക്കുകയും ചെയ്തു. നിന്റെ ഇഷ്ടം പോലെ അതിൽ വേല ചെയ്യുവാനായിട്ട് സൊപ്രേന്മാരും പട്ടക്കാരുമായ വേലക്കാർക്ക് അതിനെ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തു' (തിങ്കൾ രാത്രി രണ്ടാം കൗമ; പ്രുമിയോൻ, പേജ് 11).

ഇവിടെ പിതാവാംദൈവം ബലിപീഠത്തെ സ്ഥാപിച്ച് പട്ടക്കാരെയും ഉപദേശങ്ങൾ നൽകാൻ പ്രവാചകന്മാരെയും നിയോഗിച്ചതും പരാമർശിക്കുന്നുണ്ട്. പഴയനിയമത്തിലെ എല്ലാവിധ മതക്രമീകരണങ്ങളും ഉണ്ടായത് പിതാവാം ദൈവത്തിന്റെ നിർദ്ദേശപ്രകാരമാണ് എന്നു പറയുന്നതിലൂടെ പഴയനിയമത്തെയും യഹോവയായ ദൈവത്തെയും പിതാവാംദൈവമായി സുറിയാനിസഭ അംഗീകരിക്കുന്നതായിട്ടാണ് നാം മനസ്സിലാക്കേണ്ടത്. വീണ്ടും തിങ്കൾ പ്രഭാതത്തിലെ സെദ്റയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'ആദ്യജാതനും വത്സലനും എന്നു വിളിക്കപ്പെട്ട വിശിഷ്ടവും ആന്തരികവുമായ ആ തോട്ടത്തിനു ചുറ്റും ന്യായപ്രമാണമാകുന്ന വേലി കെട്ടി ഉറപ്പിക്കുകയും ന്യായപ്രമാണസംബന്ധവും നിഴലുമായ പുരോഹിതകർമ്മങ്ങളാകുന്ന ചക്ക് അതിൽ നീ കുഴിച്ചിടുകയും അതിൽ നിന്റെ വിശുദ്ധ ഉടമ്പടിയാകുന്ന ഉന്നതഗോപുരം പണിയുകയും ദീർഘദർശിമാരാകുന്ന മഴകൊണ്ട് അതിനെ നനച്ചുവളർത്തുകയും ഉപദേശങ്ങളും സത്പ്രവൃത്തികളും കൃഷി ചെയ്യപ്പെട്ട് സത്ഫലങ്ങൾ നൽകുന്നതിനായി അതിനെ ജനത്തിലെ സപ്രേന്മാരാകുന്ന സാമർത്ഥ്യമുള്ള വേലക്കാരെ ഏൽപ്പിക്കുകയും ചെയ്തു.'

പുത്രനും പഴയനിയമത്തിൽ അജ്ഞാതനായിരുന്നില്ല. പുത്രന്റെ സാന്നിദ്ധ്യവും പഴയനിയമത്തിൽ കണ്ടെത്തുന്നതായി ആരാധനക്രമം സാക്ഷിക്കുന്നു: 'നിന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ ഇറങ്ങിവന്ന നിന്റെ രഹസ്യത്താൽ ഇസഹാക്ക് അവന്റെ പിതാവിനാൽ അറുക്കപ്പെടുവാനുള്ള കുഞ്ഞാടു പോലെ

കൂട്ടിക്കൊണ്ടു പോകപ്പെട്ടു. ബലി കഴിക്കപ്പെടുവാനായിട്ട് ഊർശ്ലേമിലേക്ക് നീ പ്രവേശിച്ചപ്പോൾ ഇസഹാക്ക് കഴുതമേൽ കരേറിയ പ്രകാരം നിന്റെ സൂചനയാൽ അവൻ കഴുതപ്പുറത്തു കയറിപ്പോയി. കുരിശുമരവും വഹിച്ച് നീ ഗോഗുൽത്തായിലേക്ക് കരേറിയതു പോലെ ഇസഹാക്ക് നിന്റെ സൂചനയാൽ വിറകുകൾ വഹിച്ച് പർവ്വതത്തിലേക്ക് കരേറിപ്പോയി . കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകണമെന്ന് നീ നിന്റെ പിതാവിനോട് അപേക്ഷിച്ച പ്രകാരം നിന്റെ സൂചനയാൽ ബലിക്കുള്ള ആട്ടിൻകുട്ടി എവിടെയെന്ന് ഇസ്സഹാക്ക് അവന്റെ പിതാവിനോടു ചോദിച്ചു' (ചൊവ്വ രാത്രി മൂന്നാം കൗമ , സെദ്റ, പേജ് 48, 49).

മരുഭൂമിയിൽ ഉയർത്തപ്പെട്ട പിത്തളസർപ്പം പുത്രന്റെ സാന്നിദ്ധ്യവും ക്രൂശാരോഹണത്തിന്റെ പ്രതീകവും ആയിരുന്നു. ബുധനാഴ്ച രാത്രി മൂന്നാം കൗമ സെദ്റയിൽ ഇപ്രകാരം പറയുന്നു: 'കഠിനമായി ഉപദ്രവിക്കപ്പെട്ടിരുന്നവരുടെ സൗഖ്യത്തിനായി പാളയത്തിൽ മരത്തിന്മേൽ മോശ തൂക്കിയതായ പിത്തളസർപ്പം നിന്നെ രൂപീകരിച്ചു.' അതായത് പുത്രന്റെ സാന്നിദ്ധ്യം പിതാവിനോടൊരുമിച്ച് പഴയനിയമത്തിൽ ഉണ്ട് എന്നതാണ് ഇവിടെ വ്യക്തമാകുന്നത് . എന്നാൽ സാന്നിദ്ധ്യം മാത്രമല്ല പിതാവിനോടൊപ്പം പുത്രനും വെളിപാടിന്റെ കേന്ദ്ര (subject) മായി പ്രവർത്തിക്കുന്നതായി നാം വായിക്കുന്നു .

'മരണമില്ലായ്മയെ നേടിയിരിക്കുന്ന ദൈവമേ, നിന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കഷ്ടതകളെ മായിക്കുവാനും നിന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മറയ്ക്കുവാനുമായി ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി ബഹുലമായ നിന്റെ സ്നേഹത്താലും നല്ല മനസ്സാലും കഷ്ടതയ്ക്കും മരണത്തിനും നീ എഴുന്നെള്ളി വരികയും യഹൂദജനത്തിൽ നിന്ന് അപമാനവും അധിക്ഷേപവും പരിഹാസവും സഹിക്കുകയും ചെയ്തു. എല്ലാവർക്കും വിധികർത്താവായിരിക്കുമ്പോൾ ഒരു കുറ്റക്കാരനെപ്പോലെ നാടുവാഴിയായ പീലാത്തോസിന്റെ മുമ്പാകെ നിൽക്കുകയും വിസ്തരിക്കപ്പെടുകയും ഒരു ദ്രോഹിയെപ്പോലെ കൊലയ്ക്കായി ഏൽപ്പിക്കപ്പെടുകയും ചെയ്തു (ചൊവ്വ മദ്ധ്യാഹ്നം; സെദ്റ, പേജ്, 59, 60).

ആദമിനെ സൃഷ്ടിച്ചതും മാലാഖമാർക്ക് സഖിയാക്കിത്തീർത്തതും ഏദനെ അവകാശമാക്കിയതും ഭൂമിയിൽ സകലത്തിനും അധിപതി ആക്കിയതും പിതാവിനോടൊപ്പം പുത്രനും കൂടിയാണ് എന്നും പ്രാർത്ഥനയിൽ നാം വായിക്കുന്നു. 'ഭൂമിയിലെ രാജാവായി ആദ്യമനുഷ്യനായ ആദമിനെ മേടമാസം ആറാം തീയതി വെള്ളിയാഴ്ച നീ സൃഷ്ടിച്ചു . അവൻ മഹിമയോടെ ഉല്ലസിക്കുവാനും മാലാഖമാർക്ക് ചാർച്ചക്കാരനാകുവാനും നീ അവനെ പറുദീസയിൽ വാഴിച്ചു. വെള്ളിയാഴ്ച പ്രഭാതത്തിൽ നീ അവനെ ഏദന്റെ അവകാശിയാക്കി . ഭൂമിയിലുള്ള സകലത്തിന്റെയും ആധിപത്യം അവനു നൽകി . എന്നാൽ മൂന്നു മണിക്ക് മോഹനീയമായ പഴത്തിന്റെ അടുക്കലേയ്ക്ക് മൂഢതയാൽ അവൻ അടുത്തു ചെന്ന് വെമ്പലോടെ അതു ഭക്ഷിച്ച് നഗ്നനായി തീർന്നു. 'ആദമേ, ആദമേ, ആദമേ നീ എവിടെ ആകുന്നു' എന്ന് ഒരു ഗംഭീരശബ്ദം കേട്ട് 'എന്റെ നാഥാ നിന്റെ ശബ്ദം കേട്ടിട്ട് ഞാൻ ഒളിച്ചിരിക്കുകയാണ്' എന്ന് മുഖലജ്ജയോടെ അവൻ ഉത്തരം പറഞ്ഞു (വെള്ളി ഒൻപതാം മണി; സെദ്റ, പേജ് 165, 166).

പിതാവും പുത്രനും ചേർന്നാണ് ഭൂമിയുടെ സൃഷ്ടി നടത്തിയത് എന്ന് വെളിപ്പെടുത്തുന്നു. ചൊവ്വ രാത്രി മൂന്നാം കൗമയുടെ സെദ്റയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'നിന്റെ പിതാവിനോടൊരുമിച്ച് ഭൂമിയുടെ അടിസ്ഥാനങ്ങളെ ഉറപ്പിച്ച പ്രകാരം നിന്റെ സൂചനയാൽ പിതാവിനോടു കൂടി ബലിപീഠം പണിതുണ്ടാക്കി.'

സമാനമായി കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമത്തിലും വായിക്കുന്നു:

'ഇന്നേദിവസം ആദമിനെ പൊടിമണ്ണിൽ നിന്ന് മെനഞ്ഞുണ്ടാക്കിയ തൃക്കൈ സ്കീപ്പാമേൽ ആണിയാൽ തറയ്ക്കപ്പെട്ടു' (വെള്ളി പ്രഭാതം, പേജ് 215).

'പറുദീസയിൽ വെച്ച് ആദമിനെയും ഹവ്വയെയും താൻ പ്രകാശവസ്ത്രങ്ങൾ ധരിപ്പിച്ചു. ആദമിന്റെ മക്കൾ തന്റെ വസ്ത്രങ്ങൾ വിഭജിക്കുകയും പറുദീസയിലെ ഭാഗ്യങ്ങൾക്കു പകരം തന്റെ കുപ്പായത്തിനായി ചീട്ടിടുകയും ചെയ്തു' (വെള്ളി മൂന്നാം മണി, പേജ് 221). 'ആദമിനു വസ്ത്രം ഉണ്ടാക്കിക്കൊടുത്തവനെ അശുദ്ധന്മാർ പരിഹാസവസ്ത്രം ധരിപ്പിച്ചു. ആദമിനെ മരണത്തിൽ നിന്നു സ്വാതന്ത്ര്യപ്പെടുത്തിയവന് അവർ മുൾക്കിരീടം ഉണ്ടാക്കിക്കൊടുക്കുകയും ശപിക്കപ്പെട്ട ദാസൻ ചെകിട്ടത്തടിക്കുകയും ചെയ്തു' (വെള്ളി നാലാം കൗമ, പേജ് 206). അതായത് പുത്രൻ തന്നെയാണ് സൃഷ്ടിയിൽ പിതാവിനോടൊപ്പം സന്നിഹിതനായി സൃഷ്ടിയിലും ചരിത്രത്തിലും ഇടപെടുന്നത് . ഇവിടെ യഹോവയെ പുത്രനായും അനുരൂപമാക്കുക (identify) യാണ് ചെയ്തിരിക്കുന്നത് .

പരിശുദ്ധാത്മാവിനെയും യഹോവയായി ആരാധനക്രമത്തിൽ അനുരൂപമാക്കുന്നുണ്ട്. 'ശ്രേഷ്ഠതയിൽ മഹത്വമുള്ളവനും ആലോചനകളിൽ അറുതിയില്ലാത്തവനും പ്രബലനും കൃപാബഹുത്വത്തിൽ ഉന്നതനും ജ്ഞാനധനത്തിൽ മഹോന്നതനും ഉണ്മയുടെ സൗന്ദര്യത്തിൽ വിസ്മയനീയനും തന്റെ തേജസ്സിന്റെ പ്രഭയാൽ സൃഷ്ടിയെ അലങ്കരിക്കുകയും ഭൂലോകത്തെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്ത നിർമ്മാതാവും തന്റെ നിത്യജ്ഞാനത്താൽ സകലത്തെയും സൃഷ്ടിക്കുകയും തന്റെ ആദ്യന്തമില്ലാത്ത ജ്ഞാനത്താൽ ആകാശത്തെ വിരിക്കുകയും ചെയ്ത സ്രഷ്ടാവും നീയാകുന്നു . അബ്രഹാമിന്റെ പുത്രിയായ നിരസിക്കപ്പെട്ട മണവാട്ടിയായ സഭയെ അലങ്കരിക്കുവാനായിട്ട് നിന്റെ പിതാവിനോടും പരിശുദ്ധറൂഹായോടും കൂടി മോശയ്ക്ക് ന്യായപ്രമാണം കൊടുത്തിട്ടുള്ളവൻ നീയാകുന്നു' (കഷ്ടാനുഭവ ആഴ്ച ചൊവ്വ സൂത്താറ, സെദ്റ, പേജ് 40).

മനുഷ്യന്റെ സൃഷ്ടിയിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉണ്ടായതായി ഉള്ള സൂചനകൾ ശ്രദ്ധിക്കുക. 'നിന്ദ്യമായ മണ്ണിൽ നിന്നും തിരുമുമ്പാകെ സ്തുതിപാഠകരായി ഞങ്ങളെ നിർത്തിയ നിന്റെ പരിശുദ്ധറൂഹായെ ഞങ്ങൾ പുകഴ്ത്തുന്നു' (വെള്ളി ഒൻപതാം മണി സെദ്റാ, പേജ് 165).

കൂടാതെ പഴയനിയമത്തിലെ 'യഹോവ' എന്ന പദപ്രയോഗം സുറിയാനി സഭയിലെ ആരാധനക്രമങ്ങളിൽ ഇല്ല എന്ന വാദവും ശരിയല്ല. സുറിയാനി സഭയുടെ ആരാധനക്രമങ്ങളിൽ സങ്കീർത്തനങ്ങൾ ഉൾപ്പെടെയുള്ള പഴയനിയമ ഭാഗങ്ങളിൽ ഈ പദം നിരവധി തവണ വരുന്നുണ്ട്. അവിടെ ഗ്രീക്ക് പഴയനിയമ തർജ്ജമ അടിസ്ഥാനമാക്കി 'യഹോവ' എന്ന എബ്രായപദത്തിനു പകരം കർത്താവ് / ദൈവം എന്ന നാമം ഉപയോഗിക്കുന്നു എന്നു മാത്രം. എന്നിട്ടും വിശുദ്ധ കുർബാനയിലെ post communion ഭാഗം ആരംഭിക്കുന്നത് 'യഹോവ എന്റെ ഇടയനാകുന്നു' എന്ന 23-ാം സങ്കീർത്തനം ആലപിച്ചുകൊണ്ടാണ് എന്ന് ഓർക്കുക.

സുറിയാനിസഭയുടെ ആരാധനയുടെ വിശകലനത്തിൽ നിന്നും രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നു .

1. പുതിയനിയമത്തിലെ പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ എന്നീ ആളത്തങ്ങൾ തന്നെയാണ് പഴയനിയമത്തിൽ യഹോവ എന്ന പേരിൽ സൃഷ്ടിയിലും യിസ്രായേലിന്റെ ചരിത്രത്തിലും ഇടപെട്ടതും വെളിപ്പെട്ടതും. അതുകൊണ്ട് പുതിയ - പഴയനിയമ വെളിപാടുകളിലെ ദൈവാളത്തങ്ങളുടെ സ്വത്വ ഐക്യവും (unity of identity) ഇരു വെളിപാടുകളുടെയും ബന്ധവും പാരസ്പര്യതയും സംബന്ധിച്ച് തർക്കമില്ല എന്ന നിഗമനത്തിൽ എത്തുന്നു.

2. പഴയനിയമവെളിപാടിൽ പിതൃ - പുത്ര പരിശുദ്ധറൂഹായുടെ സാന്നിദ്ധ്യവും ഇടപെടലും ഉണ്ടായിരുന്നു എന്നത് സുറിയാനിസഭയുടെ ആരാധനക്രമം സാക്ഷിക്കുന്നതു കൊണ്ട് അവിടെ ത്രിത്വദർശനസാദ്ധ്യത ദൃശ്യമാകുന്നു എന്ന് സൂചിപ്പിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ എന്നീ ദൈവ ആളത്തങ്ങളിൽ ഓരോന്നും യഹോവ എന്ന പേരിൽ ആണ് അന്ന് അറിയപ്പെട്ടിരുന്നത് എന്നു മാത്രം. അതായത് സഭ പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും വ്യക്തിപരമായി ദൈവം എന്ന പദം കൊണ്ട് വ്യവഹരിക്കുന്നതുപോലെ പഴയനിയമത്തിൽ ഈ ആളത്തങ്ങൾ ഓരോന്നും യഹോവ (അഡോണായ്) എന്ന പേരുകൊണ്ട് വ്യവഹരിച്ചിരിക്കുന്നു എന്നു വ്യക്തം .

അതുപോലെ പിതൃ - പുത്ര - പരിശുദ്ധറൂഹായുടെ സംയുക്തത്തെയും സഭ ദൈവം എന്ന പൊതു നാമം (generic name) കൊണ്ട് സൂചിപ്പിക്കുന്നതുപോലെ പഴയനിയമത്തിലെ ദൈവാളത്തസംയുക്തത്തെ യഹോവ എന്ന പേരിൽ ഉപയോഗപ്പെടുത്തിയിരുന്നു. അതായത് യഹോവ എന്ന ദൈവനാമം ഒരേ സമയം തന്നെ വ്യക്തിഗത ദൈവനാമമായും ദൈവികകൂട്ടായ്മയുടെ പേരായും അറിയപ്പെടുന്നു . അതുകൊണ്ട് യഹോവ എന്ന നാമം ത്രിത്വത്തിലെ ഏത് ആളത്തം എന്ന തർക്കവും പഴയനിയമതിരുവെഴുത്തിലും പുതിയനിയമതിരുവെഴുത്തിലും വെളിപ്പെടുന്ന ദൈവങ്ങൾ വ്യത്യസ്തമെന്ന സംശയവും അവസാനിക്കുന്നു.

പഴയനിയമത്തെ ആദിമസഭയും സഭാപിതാക്കന്മാരും ആരാധനക്രമവും മനസ്സിലാക്കുന്നതും വ്യാഖ്യാനിക്കുന്നതും പുതിയനിയമവെളിപാടിന്റെ അടിസ്ഥാനത്തിലും അതിന്റെ വ്യാഖ്യാനം മാനദണ്ഡമാക്കിയുമാണ്. ഇത് സഭയുടെ പൊതുവായ കാഴ്ചപ്പാടാണ്. പഴയനിയമതിരുവെഴുത്തുകളിൽ നിന്നും സ്വതന്ത്രമായ

ക്രിസ്തുവെളിപാടും പഴയനിയമത്തിന് അന്യമായ പുതിയനിയമ തിരുവെഴുത്തുകളും യിസ്രായേലിനോടു ബന്ധമില്ലാത്ത ക്രിസ്തീയസഭയും സഭയുടെ വിശ്വാസത്തിനും പാരമ്പര്യത്തിനും വേദശാസ്ത്രത്തിനും വിരുദ്ധമാണ് എന്ന നിഗമനത്തിലാണ് ഈ ചർച്ചയിലൂടെ നാം എത്തിച്ചേരുന്നത്. ക്രിസ്തുസംഭവമാണ് പഴയനിയമത്തിന്റെ വ്യാഖ്യാന തത്ത്വം (hermeneutical principle). യേശു പഴയനിയമത്തെ കണ്ടതിന്റെയും ആദിമസഭ പഴയനിയമത്തെ തിരുവെഴുത്തായി മനസ്സിലാക്കിയതിന്റെയും അടിസ്ഥാനത്തിൽ ആകണം പഴയനിയമത്തെയും പഴയനിയമദൈവത്തെയും മനസ്സിലാക്കേണ്ടത്. പഴയനിയമത്തിലെ പ്രവചനങ്ങൾ, സംഭവങ്ങൾ എന്നിവയുടെ മൂലപശ്ചാത്തലത്തിൽ (original context) നിന്നും ആശയവികസനം സംഭവിച്ചു എന്നതിൽ തർക്കമില്ല .

ഈ പ്രതിഭാസം സഭയിലും തുടർന്നു നടക്കുന്നു . ത്രിത്വത്തെ സംബന്ധിച്ച പുതിയനിയമത്തിലെ ചിത്രമല്ല ആദ്യത്തെ മൂന്നു എക്യുമെനിക്കൽ കൗൺസിലുകൾ കഴിഞ്ഞപ്പോൾ ഉണ്ടായിരുന്നത്. സുറിയാനിസഭ ആ വിഷയങ്ങൾ സംബന്ധിച്ച് വ്യക്തത കാണുന്നത് മാർ സേവേറിയോസിന്റെയും ഫിലക്സിനോസിന്റെയും രചനകളിലാണ്. പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിൽ ആശയവളർച്ച ഉണ്ടായിക്കഴിയുമ്പോൾ മൂലപശ്ചാത്തലത്തിലെ (original context) തിരുവചനഭാഗങ്ങൾ അതിനു വിധേയമായി മനസ്സിലാക്കാൻ ശ്രമിക്കണം. അതുപോലെ വ്യക്തിപരമായ കാഴ്ചപ്പാടുകൾക്ക് ഓരോ കാലത്തെയും മൂല്യവ്യവസ്ഥകൾക്കും അനുസൃതമായി തിരുവെഴുത്തുകളെ വ്യാഖ്യാനിച്ച് നിഗമനങ്ങളിൽ എത്താനുള്ള സ്വാതന്ത്ര്യം സഭാവിശ്വാസം അനുവദിക്കുന്നില്ല. പഴയനിയമ - പുതിയനിയമ വെളിപാടുകളുടെ ലിഖിത രൂപമാണ് പഴയനിയമ - പുതിയനിയമ തിരുവെഴുത്തുകൾ. അത് സഭാവിശ്വാസത്തിന്റെ ആധാരവും അവയുടെ ഐക്യവും ആധികാരികതയും അനിഷേധ്യവുമാണ്.

(അവസാനിച്ചു)



On June 3, 2024, HH Mathews III visited Malankara House, Palmerstown (The site for the new church building and parish house of St. Thomas Indian Orthodox Church, Dublin), marking a historic moment for the Indian Orthodox Church community in Ireland. The parishioners gathered in large numbers, filled with excitement and reverence, to greet their esteemed spiritual leader. During the visit, His Holiness blessed the foundation stone and presided over the groundbreaking ceremony for the first church building dedicated to the Indian Orthodox Church community in Ireland. The ceremony was blessed with the presence of Abraham Mar Stephanos , Fr. Varghese Mathew (The Diocesan Secretary), priest's & guests from parishes.



തിരുവനന്തപുരം ഭദ്രാസന സണ്ടേസ്കൂൾ പ്രഥമാധ്യാപക എകദിന സമ്മേളനം ഭദ്രാസന പ്രസിഡന്റ് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഡോ. ജോസഫ് ശാമുവേൽ കോർ എപ്പിസ്കോപ്പാ ക്ലാസ് എടുത്തു. ഫാ. ലൂക്കോസ് ജോയി, ഡയറക്ടർ കെ.വി. തോമസ്, സെക്രട്ടറി ബെനിൽ മാത്യു, ഇടവക ട്രസ്റ്റി ജോർജ്ജ് തോമസ്, ഇൻസ്പെക്ടർ എബ്രഹാം തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.



കാലിഫോർണിയ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്നും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ Honorary Doctorate നേടിയ, മലങ്കര സഭാ മാനേജിങ് കമ്മിറ്റി അംഗം കല്ലട ജോൺസൺ.

നയമ വൽസ സ്കറിയ ഡോക്ടറേറ്റ് നേടി



ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് റിമോട്ട് സെൻസിങ്ങിൽ ഡോ. നയമ വൽസ സ്കറിയ ഡോക്ടറേറ്റ് നേടി. നിരണം തലയണപറമ്പിൽ അരുൺ കുരുവിളയുടെ സഹധർമണിയാണ്. കുതിരക്കല്ലേൽ കെ. കെ. സ്കറിയയുടെയും വത്സമ്മ സ്കറിയയുടെയും മകളാണ്. മകൻ: നേഥൻ കുരുവിള. നിരണം ഭദ്രാസനത്തിലെ കടപ്രാ ബെത്‌ലഹേം സെന്റ് ജോർജ് ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

നാസിയാൻസിലെ വിശുദ്ധ ഗ്രീഗോറിയോസിന്റെ ഒരു പ്രസംഗം

ഫാ. ജോബ് സാം മാത്യു

നാസിയാൻസിലെ വിശുദ്ധ ഗ്രീഗോറിയോസിന്റെ രണ്ടാം പ്രസംഗം

കപ്പദോക്യൻ പിതാക്കന്മാരിൽ ഒരാളാണ് വിശുദ്ധ ഗ്രീഗോറിയോസ്. ഉത്തമ സന്യാസിയും ദൈവശാസ്ത്രജ്ഞനും ചിന്തകനുമായിരുന്ന ഈ പൗരസ്ത്യ പിതാവിന്റെ പ്രസംഗങ്ങൾ ഏറെ പ്രസിദ്ധമാണ്. തന്റെ സഭാസമൂഹത്തിൽ നിന്നും അദ്ദേഹത്തിന് നേരിട്ട വിഷമകരമായ അനുഭവങ്ങളെ വിശകലനം ചെയ്യുന്ന പ്രസംഗമാണ് ഇത്.

'എന്റെ വാക്കുകൾ കേൾക്കുവാൻ എന്റെ സുഹൃത്തുക്കളും പ്രിയരുമായ നിങ്ങൾ സാവകാശം കാണിച്ചില്ല' എന്ന ആത്മഗതത്തോടെയാണ് പ്രസംഗം ആരംഭിക്കുന്നത്. എന്നാൽ അതിക്രമം കാണിക്കുന്നതിന് അവർ താല്പര്യപ്പെട്ടു. മാർ ഗ്രീഗോറിയോസ് തന്റെ ജീവിതത്തിൽ ഏറ്റവും സുപ്രധാനവും ദൈവീക ആരോഹണത്തിന്റെ മാതാവും (mother of the divine ascent) ദൈവികതയിലേക്ക് നയിക്കുന്നതും ജീവിതത്തിന് മാർഗദർശകവുമായി കരുതിയിരുന്ന ഏകാന്തതയുടെ കോട്ടയിൽ (citadel solitude) അതിക്രമിച്ച് കടന്നു അദ്ദേഹത്തെ ഉപദ്രവിച്ചു. അപ്രകാരം അവർ വർത്തമാനകാലത്തെ സന്തോഷം കണ്ടെത്തുന്നതിനു പകരം ഏറെ ആഗ്രഹിച്ചിരുന്നതിനെ നിന്ദിച്ചു. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്നതിന് മടിച്ചു.

ജനങ്ങൾ ഗ്രിഗോറിയോസിനോട് അനുകമ്പയോടെ ഇടപെട്ടില്ല. ഒരു പുതിയ ദൗത്യത്തിലേക്ക് അദ്ദേഹം പ്രവേശിച്ചപ്പോൾ പിന്തുണ നൽകിയില്ല. പ്രതിസന്ധികളുടെ മധ്യത്തിൽ പ്രോത്സാഹിപ്പിക്കുകയോ ആശ്വസിപ്പിക്കുകയോ ചെയ്തില്ല. പകരം അദ്ദേഹത്തിന്റെ സന്തോഷം ഇല്ലാതെയാക്കി. ശരിയായി സ്വീകരിക്കുക പോലും ചെയ്തില്ല. അവർ സ്നേഹവും നൽകിയില്ല. അനായാസം കീഴടക്കപ്പെടുന്ന ഏതൊരു കാര്യത്തെയും നിന്ദിക്കുന്ന സ്വഭാവമാണ് മനുഷ്യനുള്ളത്. വിനീതർ ദൈവം മുമ്പാകെ താഴ്ത്തപ്പെടുമ്പോൾ അഹങ്കാരികൾക്ക് ശ്രദ്ധ ലഭിക്കുന്ന സാഹചര്യമാണുള്ളത്.

മാർ ഗ്രീഗോറിയോസിന്റെ നിഷ്കളങ്കതയെ ചൂഷണം ചെയ്യുന്ന നിലപാടാണ് വിശ്വാസികളിൽ നിന്നും ഉണ്ടായത്. അവരെ കുറ്റം വിധിക്കുന്നതുകൊണ്ട് പ്രയോജനമില്ല എന്ന ധാരണയിലേക്ക് അദ്ദേഹം എത്തുന്നു. അദ്ദേഹത്തിന്റെ സ്നേഹത്തിന് തത്തുല്യമായ രീതിയിൽ ഒരു ഉത്തരം നൽകുന്നതിന് അവർ തയ്യാറായില്ല എന്ന കുറ്റമാണ് അവർക്കുള്ളത്. അദ്ദേഹത്തിന്റെ അനുസരണത്തെ അവർ ബഹുമാനിച്ചില്ല. ഭാവിയിലും അദ്ദേഹത്തോടു ചേർന്നു പ്രവർത്തിക്കാൻ അവർക്ക് മനസ്സിരുക്കമില്ലായിരുന്നു. ഇനി ഉണ്ടെങ്കിൽ തന്നെ അത് വിശ്വസിക്കുവാനുള്ള മനസ്ഥിതി തനിക്ക് ഇപ്പോഴില്ല. പഴയ ഇടയനെയും പുതിയ ഇടയനെയും അവർക്ക് പ്രിയമില്ല. തലമുടി നരച്ചവരെ അവർ ബഹുമാനിക്കുന്നില്ല. യുവത്വത്തെയും ആദരിക്കുന്നില്ല. അവർക്ക് മറ്റ് ചിലതാണ് പ്രധാനം.

മഹത്തരമായ ഒരു വിരുന്നിനെ കുറിച്ച് സുവിശേഷത്തിൽ രേഖപ്പെടുത്തുന്നുണ്ട് (ലൂക്കോസ് 14:16-24). അവിടെ ഏവർക്കും ആതിഥ്യമരുളുന്ന ഒരാളും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ഉണ്ട്. ആ ആതിഥേയന്റെ മകന്റെ വിവാഹമാണ് അവിടെ നടക്കുന്നത്. അദ്ദേഹം തന്റെ സുഹൃത്തുക്കളെ വിളിക്കുന്നുവെങ്കിലും അവർ വരുന്നില്ല. കോപിക്കുന്നു എങ്കിലും പിന്നീട് ശാന്തമായി മറ്റുള്ളവരെ വിളിച്ച് തന്റെ വിരുന്ന് നിറയ്ക്കുന്നു. ഇപ്രകാരമാണ് ഗ്രിഗോറിയോസിനും ഉണ്ടായ അനുഭവവും: 'ക്ഷണിച്ചിട്ട് അപമാനിക്കുന്ന രീതി'. അദ്ദേഹത്തോട് അഹങ്കാരത്തോടെയാണ് അവർ പെരുമാറിയത്. ഗ്രീഗോറിയോസിനെ സംബന്ധിച്ച് ഏറ്റവും മഹത്തരമായ കാര്യമായ വിശുദ്ധ മേശയിലേക്ക് (Holy Table) അവർ ക്ഷണിച്ചു. ആ മണവറയുടെ മഹത്വം അദ്ദേഹത്തെ കാണിച്ചു. എന്നിട്ടും അവർ അത് ഉപേക്ഷിച്ചു. ഒരാൾ അവന്റെ വയലിലേക്കും മറ്റൊരാൾ പുതുതായി വാങ്ങിയ കാളകളുടെ നുകത്തിലേക്കും മറ്റൊരാൾ ഭാര്യയുടെ അരികിലേക്കും മറ്റൊരാൾ നിസ്സാരമായ കാര്യങ്ങളിലേക്കും മടങ്ങിപ്പോയി.



അവരെല്ലാവരും വിട്ടുപിരിഞ്ഞ് ചിതറിപ്പോയി. മണവറയെയും മണവാളനെയും അവർ കാര്യമാക്കിയില്ല (മത്തായി 22:10). ഇപ്രകാരം ഗ്രിഗോറിയോസിനു ഉചിതമായ സ്വീകരണം ഒരുക്കാൻ അവർ തയ്യാറായില്ല. ഇത് അവഹേളനമായി അദ്ദേഹം കരുതി.

ഇപ്രകാരം വൈരുദ്ധ്യം നിറഞ്ഞ നിലപാട് വിശ്വാസികൾ സ്വീകരിച്ചതിനാൽ ഗ്രീഗോറിയോസ് നിരാശയും ആശയക്കുഴപ്പവും അനുഭവിച്ചു. ഒരു വിവാഹ സമ്മാനം പോലെ മഹത്തരമായ ഒരു പ്രഭാഷണത്തിന് അദ്ദേഹം തയ്യാറെടുത്തിരുന്നു. എന്നാൽ അപ്രതീക്ഷിതമായി നേരിടേണ്ടിവന്ന അവഗണന അദ്ദേഹത്തെ ദുഃഖത്താലും വൈരാഗ്യത്താലും നിറച്ചു. സ്നേഹത്താൽ കുത്തേറ്റ്, അവഗണന അനുഭവിക്കുന്ന വ്യക്തിയുടെ വികാരവും മനോവിഷമവും പറഞ്ഞറിയിക്കാൻ കഴിയുകയില്ല. ഒരുതരത്തിൽ ഉന്മാദാവസ്ഥയാണ് അദ്ദേഹം അനുഭവിക്കുന്നത്. ആത്മാർത്ഥതയോടെ പ്രവർത്തിച്ചിട്ടും അർഹമായ പ്രതികരണം വിശ്വാസികളിൽ നിന്നും ഉണ്ടാകാത്തപ്പോൾ വൈദികർ അനുഭവിക്കുന്ന മാനസികസങ്കർഷമാണ് ഇവിടെ ചിത്രീകരിക്കുന്നത്.

എന്നാൽ വിശ്വാസികളോട് മോശമായി സംസാരിക്കുവാൻ ഗ്രിഗോറിയോസ് തയ്യാറല്ല. ദൈവം അത് അനുവദിക്കുന്നില്ല എന്ന ബോധ്യം അദ്ദേഹത്തിനുണ്ട്.. കാരണം അവർ ക്രിസ്തുവിന്റെ സ്തുത്യർഹമായ കരുതൽ അനുഭവിക്കുന്ന ദൈവീക അവകാശവും (Divine inheritance) വിശുദ്ധ ആട്ടിൻ കൂട്ടവും (Sacred Flock) ആണ്. ഇവിടെ യേശുക്രിസ്തുവിന്റെ താഴ്മ വരിക്കലാണ് അദ്ദേഹം

മാതൃകയാക്കുന്നത്. യിസ്രായേലിലെ ഏറ്റവും ചെറിയ ഗോത്രമായ യഹൂദ ഗോത്രത്തിൽ, ചെറിയ പട്ടണമായ ബേതലഹേമിൽ അവൻ ഭൂജാതനായി (മിഖ 5:2). പുത്രൻ പിതാവിനോടു തുല്യനാണ്. പരിശുദ്ധാത്മാവ് അവരോടൊപ്പം മഹത്വീകരിക്കപ്പെടുന്നു. ത്രിത്വത്തിലെ എല്ലാ വ്യക്തികളും തുല്യരാണ്. ദൈവത്വത്തെ അളക്കുവാൻ നമുക്ക് കഴിയുന്നതല്ല. ഒരു ആളത്വത്തിന്റെയും പ്രാധാന്യം പൂർണമായി മനസ്സിലാക്കാനോ, മനസ്സിലാക്കുവാനോ കുറയ്ക്കുവാനോ അപമാനിക്കുവാനോ നമുക്ക് കഴിയുന്നതല്ല.

ഗ്രിഗോറിയോസ് തന്റെ ജനതയെ തുടർന്ന് വിശേഷിപ്പിക്കുന്നത് തന്റെ കൃഷിയും (husbandry) മുന്തിരിത്തോട്ടവും (vineyard) ഉദരവും (bowel) എന്നാണ്. പിതാവാംദൈവം എല്ലാവർക്കും ഒരാളാണ്. യേശുക്രിസ്തുവിൽ അവൻ സുവിശേഷത്തിൽ കൂടി എല്ലാവരെയും ജനിപ്പിച്ചിരിക്കുന്നു. അതിനാൽ നേതൃസ്ഥാനത്ത് ഉള്ളവരോട് ചെറിയ തോതിൽ എങ്കിലും ആദരവ് കാണിക്കുവാൻ തയ്യാറാകണം. കാരണം ഗ്രിഗോറിയോസിനെ പോലെയുള്ള നേതാക്കൾ വിശ്വാസികളെ ബഹുമാനിക്കുന്നുണ്ട്. തങ്ങളിൽ ഭരമേൽപ്പിച്ചിരിക്കുന്നതിനെ വിശേഷിപ്പിക്കേണ്ടത് അധികാരം (authority) എന്നോ ശുശ്രൂഷ (service) എന്നോ എന്ന് അദ്ദേഹം ശങ്കിക്കുന്നുണ്ട്. അദ്ദേഹം അവരെ സ്നേഹിക്കുന്നു. യേശുക്രിസ്തുവിന്റെ പീഡാസഹനത്തിൽ പ്രതീക്ഷയർപ്പിക്കണം. സ്വീകരിച്ചിരിക്കുന്ന വിശ്വാസം മുറുകെ പിടിക്കണം. അതിലൂടെയാണ് വിശ്വാസികൾ രക്ഷിക്കപ്പെടുന്നത്. ദൈവത്തെക്കുറിച്ച് സംസാരിക്കുന്നത് കുറയ്ക്കണം. കാരണം യുക്തിയാൽ നിയന്ത്രിക്കപ്പെടുന്നില്ല എങ്കിൽ ഏറ്റവും അപകടകാരിയായ നാവിനെ നിയന്ത്രിച്ച് മൗനം പാലിക്കുകയാണ് ഉത്തമം. ശ്രദ്ധയോടെ കേൾക്കുന്നതാണ് സംസാരിക്കുന്നതിനേക്കാൾ നല്ലത്. ദൈവത്തെക്കുറിച്ചു പഠിക്കുന്നതാണ് പഠിപ്പിക്കുന്നതിനേക്കാൾ സന്തോഷപ്രദം. ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക എന്ന ദൗത്യം വചനത്തിന്റെ കാര്യവിചാരകരെ (Stewards of the Word) ഭരമേൽപ്പിക്കണം. വാക്കുകളുടെ സമൃദ്ധിയെക്കാൾ, പ്രവർത്തികളിൽ ഏർപ്പെട്ട് ആരാധിക്കുന്നതാണ് നല്ലത്. നിയമദാതാവിനെ അനുകരിക്കുന്നതിനേക്കാൾ പ്രധാനമാണ് നിയമം പാലിക്കുന്നത്. തിന്മയിൽ നിന്നും ഓടിമാറി വിശുദ്ധിയെ പിന്തുടരണം. ആത്മാവിൽ ജീവിക്കുകയും നടക്കുകയും ജ്ഞാനം ആർജിക്കുകയും വിശ്വാസത്തിൽ ഉത്തമ അടിത്തറ ഇടുകയും ചെയ്യുക. പെട്ടെന്ന് നശിക്കപ്പെടുന്നതിൽ അല്ല നിലനിൽക്കുന്നതിൽ തന്നെ അടിസ്ഥാനം ഉറപ്പിക്കുക.

അവസാനമായി തങ്ങളുടെ പ്രഭാഷണങ്ങളിൽ പങ്കെടുക്കുക, താല്പര്യമുള്ള എന്തെങ്കിലും കാര്യങ്ങൾ പ്രവർത്തിക്കുക, പ്രവർത്തിക്കാതിരിക്കുക മുതലായി എന്തു കാര്യം ചെയ്താലും വക്രതയും കോട്ടവും ഉള്ള ഈ തലമുറയുടെ മധ്യേ ദൈവത്തിന്റെ മക്കളായി വിശുദ്ധിയോടും കാപട്യം കൂടാതെയും ജീവിക്കാൻ ശ്രദ്ധിക്കണം (ഫിലിപ്യർ 2:14–15) എന്ന മാർഗ്ഗനിർദ്ദേശം ഗ്രീഗോറിയോസ് നൽകുന്നു. ചുറ്റുമുള്ള ദുഷ്ടന്മാരുടെ കെണികളിൽ ഒരിക്കലും കുടുങ്ങിപോവുകയോ പാപങ്ങളുടെ ചങ്ങലയിൽ ബന്ധിക്കപ്പെടുകയോ ചെയ്യരുത്. ഈ ലോകത്തെ കുറിച്ചുള്ള ചിന്തകളാൽ ഒരിക്കലും നശിക്കപ്പെടരുത്, പാപത്തിന്റെ ചങ്ങലകളാൽ ബന്ധിക്കപ്പെടരുത്. അങ്ങനെ ഫലമില്ലാത്തവരായി തീരരുത്. ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെ രാജപാതകളിൽ കൂടി നടന്ന്, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ഇടുങ്ങിയ കവാടത്തിൽ കൂടി പ്രവേശിക്കുക. അപ്പോൾ നമ്മുടെ പ്രവർത്തനങ്ങൾ ഇവിടെയും അവിടെയും നിത്യമായ മഹത്വമുള്ളവനായ കർത്താവായ യേശുക്രിസ്തുവിൽ ഫലപ്രദമാകും. ആമേൻ

തന്നെ സ്വീകരിക്കും എന്ന് കരുതിയ വിശ്വാസികളുടെ സമൂഹത്തിന്റെ തികച്ചും അപ്രതീക്ഷിതമായ നിലപാടിലുള്ള പ്രതികരണമാണ് ഈ പ്രസംഗത്തിലൂടെ നാസിയൻസിലെ വിശുദ്ധ ഗ്രീഗോറിയോസ് പ്രകടിപ്പിക്കുന്നത്. ഇടയശുശ്രൂഷയിൽ സമാനമായ സാഹചര്യങ്ങൾ നേരിടുന്നവരുണ്ട്. അപ്പോൾ ദൈവഹിതത്തിനു വിധേയരായി, വിനയത്തോടും ദൈവാശ്രയത്തോടും നിലകൊള്ളുകയാണ് വേണ്ടത് എന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു. പ്രതിഷേധവും ശാപവചനങ്ങളും പരസ്പരമുള്ള കുറ്റാരോപണങ്ങളും ആവശ്യമില്ല. എല്ലാം അറിയുന്ന ദൈവത്തിൽ ഭരമേല്പിച്ചു മുന്നോട്ടുപോകുകയാണ് ഉത്തമം.

ഓർമ്മചിത്രങ്ങൾ



1966 ബാച്ച് തിരുമേനിമാർ സ്ഥാനാരോഹണത്തിനു മുമ്പ് ധ്യാനത്തിനായി ബഥനി ആശ്രമത്തിൽ താമസിച്ചിരുന്ന കാലത്ത് എടുത്ത ഫോട്ടോ. ഇരിക്കുന്നവർ: ഫാ. യൂഹാനോൻ ഒ.ഐ.സി. (പിന്നീട് മാർ അത്താനാസ്യോസ്), ഫാ. യൂഹാനോൻ റമ്പാൻ (പിന്നീട് മാർ സേവേറിയോസ്), ഫാ. കെ. ഫീലിപ്പോസ് റമ്പാൻ (പിന്നീട് മാർ തെയോഫിലോസ്), തോമസ് റമ്പാൻ (മാർ തിമോത്തിയോസ്. പിന്നീട് പ. ദിമോസ് പ്രഥമൻ ബാവ), ഫാ മത്തായി ഒ.ഐ.സി.

രണ്ടാം നിര: ഫാ. ദാനിയേൽ ഒ.ഐ.സി., ഫാ. കുറിയാക്കോസ് ഒ.ഐ.സി., ഫാ. യാക്കോബ് ഒ.ഐ.സി. നിൽക്കുന്നവർ: കലതിവിളയിൽ ഗീവർഗ്ഗീസ് ഉപദേശി, ബർസ്കീപ്പാ (പിന്നീട് പുരോഹിതനായി), മാത്തുണ്ണി മത്തായി, ടി. ഐ. വർഗ്ഗീസ് കൊറ്റമ്പള്ളി (പിന്നീട് പുരോഹിതനായി).

സമ്പാദകൻ: ഫാ. ഈയോബ് ബഥാന്യൻ ഒ.ഐ.സി.



As a part of the 7-day Camp for Orthodox Leadership Training 2024, (COLT), organised and conducted by Rev. Fr. Philip and Bibi Kuruvilla - 41 delegates from different parts and dioceses of the Outside Kerala Region joined a pilgrimage through history, and learned the Orthodox way of life - through various sessions, discussions and by visiting iconic and monumental places of church history.

The COLTees got an opportunity to interact with H.H Mathews III as well as other visionaries of the Malankara Orthodox Sabha to learn and forge a path ahead for the future generation of the Church.“COLT '24 was conducted from 19th - 26th May 2024 in Kottayam, Kerala.

“ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.” – പ. പരുമല തിരുമേനി


സഭാചരിത്രം



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി-പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994-ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



1945-ലെ സംഭവ വികാസങ്ങൾ

രണ്ടാം ലോകമഹായുദ്ധം ശക്തമായി നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടം. തിരുവിതാംകൂറിലെങ്ങും ഭക്ഷ്യക്ഷാമം. കിഴക്കൻ പ്രദേശങ്ങളിലെ പ്രധാന ഭക്ഷ്യസാധനങ്ങൾ കപ്പ, ചേന, ചേമ്പ്, കാച്ചിൽ മുതലായവ ആണ്. അരി കിട്ടാൻ പ്രയാസവും. അന്ന് ആശ്രമത്തിലെ ഭക്ഷണരീതിയും ഇതനുസരിച്ചായിരുന്നു. കിട്ടുന്ന ചാക്കരിയിൽത്തന്നെ ധാരാളം പുഴുക്കൾ. ബഥനി ആശ്രമത്തിൽ വരുന്ന വിരുന്നുകാർക്കും ഈ ആഹാരരീതി തന്നെ. പലർക്കും പല അസുഖങ്ങൾക്കും ഇത് കാരണമായിട്ടുണ്ട്. ആശ്രമസ്ഥർക്ക് നിത്യപരിചയമായിരുന്നതിനാൽ ഏറെക്കുറെ സഹിച്ചുനിന്നു. എന്നാൽ കുട്ടനാടൻ പ്രദേശങ്ങളിൽ നിന്നു വരുന്ന ഉന്നത ജീവിത നിലവാരമുള്ള വ്യക്തികൾക്ക് ഇത് അസഹനീയം തന്നെ ആയിരുന്നു.

ഇലഞ്ഞിക്കൽ ജോൺ വക്കീൽ മുണ്ടൻമലയിൽ ബഥനി ആശ്രമത്തിനു ദാനം ചെയ്ത രണ്ടു പ്ലോട്ടുകളുടെ ഇടയിൽ ചേർന്നുകിടന്ന 94 ഏക്കർ 80 സെന്റ് സ്ഥലവും അതിന് വടക്ക് മുകൾ ഭാഗത്തായി ജോൺ വക്കീൽ നൽകിയ പ്ലോട്ടിനു തൊട്ടു പടിഞ്ഞാറെ ചെരുവിൽ കിടന്ന 105 ഏക്കർ സ്ഥലവും കൂടി മൊത്തം 199 ഏക്കർ 80 സെന്റ് സ്ഥലവുമായിരുന്നു, 1935-ൽ മാർ ഈവാനിയോസുമായുള്ള രാജി അനുസരിച്ച്, മാർ ഈവാനിയോസിന്റെ ബഥനി ട്രസ്റ്റുകളിൽ നിന്ന് 111-ലെ 533-ാം നമ്പർ രജിസ്റ്റർ ആധാരപ്രകാരം ഓർത്തഡോക്സ് സഭയിലെ ബഥനി ആശ്രമത്തിനു ലഭിച്ചത്. മേൽപ്പറഞ്ഞതിന്റെ വടക്കുപടിഞ്ഞാറെ മലമുകളിൽ ചെരുവിൽക്കിടന്ന 105 ഏക്കർ കാടുകിടപ്പുസ്ഥലം വിറ്റാൽ കിട്ടുന്ന പണം കൊണ്ട് കുട്ടനാടൻ പ്രദേശത്ത് ഒരു നെൽപ്പാടം വാങ്ങിയാൽ ഭക്ഷണപ്രശ്നം തീരുമല്ലോ എന്ന് ബഥനി ആശ്രമത്തിൽ വരുന്ന പല ഉറ്റ സുഹൃത്തുക്കളും അഭിപ്രായപ്പെട്ടു. അതനുസരിച്ച് മേൽപ്പറഞ്ഞ ആധാരപ്രകാരം മലമണ്ടയിൽ ലഭിച്ച 105 ഏക്കർ വിൽക്കുവാൻ തീരുമാനിച്ചു. ഈ വിവരം മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചു. കാഞ്ഞിരപ്പള്ളി സ്വദേശികളായ മൂന്നു കത്തോലിക്കർക്കായി ഒറ്റ പ്ലോട്ടായി കിടക്കുന്ന 105 ഏക്കർ സ്ഥലം വിറ്റു. ആധാരപ്രകാരമുള്ള ആ സ്ഥലം അവർ കൈവശപ്പെടുത്തി. കുടിലുകൾ കെട്ടി താമസവും തുടങ്ങി. കൃഷികളും ആരംഭിച്ചു. ആശ്രമസ്ഥരാകട്ടെ കുട്ടനാടൻ പ്രദേശത്ത് നിലം എവിടെ കിട്ടുമെന്നുള്ള അന്വേഷത്തിലുമായി. കുറെ മാസങ്ങൾ കഴിഞ്ഞ് ആശ്രമത്തിൽ നിന്നും സ്ഥലം വിലയ്ക്കു വാങ്ങിയ കാഞ്ഞിരപ്പള്ളി സ്വദേശികളായ മൂന്നുപേരും ചേർന്ന് ആശ്രമത്തിന്റെ കൈവശാനുഭവത്തിൽ ഇരുന്നതും സ്ഥിരദേഹണ്ഡങ്ങളോടു കൂടിയതുമായ സ്ഥലങ്ങൾ കൈയേറ്റം ചെയ്ത് കൈവശപ്പെടുത്തുവാനുള്ള ശ്രമം ആരംഭിച്ചു. ഇതിന് അവരെ പ്രേരിപ്പിക്കയും സഹായിക്കയും മറ്റും ചെയ്തത് മാർ ഈവാനിയോസിന്റെ 1935-ലെ ബഥനി ട്രസ്റ്റികളിൽ ഒരാളും സഹോദരനുമായ മത്തായി പണിക്കരും, അദ്ദേഹത്തിന്റെ സ്വന്തക്കാരനായ മാനേജർ ചാക്കോയും അക്കാലങ്ങളിൽ തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് സ്ഥലം സംബ

ഡിച്ച എല്ലാ കേസുകളുടെയും നടത്തിപ്പുകാരനായിരുന്ന പന്തളം മത്തായിയുമായിരുന്നു.

കാഞ്ഞിരപ്പള്ളിയിൽ നിന്നു കുറെ റൗഡികളും ഇവരുടെ സഹായത്തിനെത്തി. ആശ്രമത്തിന്റെ വകയായി ജോൺ വക്കീൽ ദാനം ചെയ്ത തെക്കുവശത്തെ പ്ലോട്ടിൽ ആശ്രമത്തിൽ നിന്നു കുടിപാർപ്പിച്ചിരുന്ന ഒരു ആളെ അവർ ബലമായി കുടിയിറക്കിയശേഷം അവിടെ താമസവും തുടങ്ങി. ഇതറിഞ്ഞ് സ്ഥലത്തു ചെന്ന ആശ്രമാംഗങ്ങളായ ഫാ. മത്തായിയെയും ഫാ. അന്ത്രയോസിനെയും അക്രമികൾ കൈയേറ്റം ചെയ്യാൻ ശ്രമിച്ചു. അവർ ഓടി രക്ഷപ്പെട്ടു. ആശ്രമംവക സ്ഥലത്തുള്ള തെങ്ങുകളിൽ നിന്നും തേങ്ങയിടീൽ തുടങ്ങി പല ദ്രോഹങ്ങളും അവർ ചെയ്തു. അപ്പോൾ ബഥനി ആശ്രമം സുപ്പീരിയർ അലക്സിയോസ് മാർ തേവോദോസിയോസ് സ്ഥലത്തുണ്ടായിരുന്നില്ല. അവർ ആശ്രമസ്ഥരെ ഭീഷണിപ്പെടുത്തുന്നതോടൊപ്പം അസഭ്യം പറയുകയും ചെയ്തുവന്നു. ഈ വിവരം അറിഞ്ഞ നാട്ടുകാർ ജാതിമതഭേദമെന്യേ ക്ഷുഭിതരായി ആശ്രമസ്ഥരുടെ ജീവരക്ഷയ്ക്കും വസ്തുസംരക്ഷണത്തിനുമായി മുമ്പോട്ടു വന്നു. വടശ്ശേരിക്കര, വയലത്തല, കീക്കൊഴൂർ, കാട്ടൂർ മുതലായ സ്ഥലങ്ങളിൽ നിന്നുപോലും ആശ്രമസംരക്ഷണത്തിനായി ആളുകൾ വന്നു.

ഈ സമയത്ത് ഒരു റോമൻ കത്തോലിക്കനായിരുന്ന പത്തനംതിട്ട പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസ് സ്ഥലത്തെത്തി. ആശ്രമം വക സ്ഥലം റിസീവർ ഭരണത്തിലാക്കുകയും ചെയ്തു. സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്ത് മാർ ഈവാനിയോസിനു സർക്കാർ തലത്തിൽ സ്വാധീനമുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ നീതി ലഭിക്കുന്നതിന് കോടതിയെ അഭയം പ്രാപിക്കുകയല്ലാതെ മറ്റു മാർഗ്ഗമൊന്നും ആശ്രമത്തിനുണ്ടായിരുന്നില്ല. അഡ്വ. ഇലഞ്ഞിക്കൽ ഇ. ജെ. ഫീലിപ്പോസ്, അഡ്വ. കെ. ഒ. മാത്യു വള്ളക്കാലിൽ, പത്തനംതിട്ടയിലെ റ്റി. ജി. ഏബ്രഹാം വക്കീൽ, എം. സി. മത്തായി വക്കീൽ, ചെങ്ങന്നൂർ സി. തോമസ് വക്കീൽ മുതലായവർ പ്രതിഫലേച്ഛ കൂടാതെ ഈ കേസിന്റെ ആരംഭം മുതൽ വേണ്ട നിർദ്ദേശം നൽകുകയും കേസ് നടത്തുകയും ചെയ്തു സഹായിച്ചു. കേസ് ഹൈക്കോടതിയിൽ ചെന്നപ്പോൾ അഭിഭാഷകരായ എം. ഏബ്രഹാം, സി. എം. കുരുവിള, റ്റി. കെ. കുര്യൻ, കെ. എൻ. ശമുവേൽ എന്നിവരും മുൻപറഞ്ഞ വക്കീലന്മാരെപ്പോലെ സഹായിച്ചു. ഇവരോടുള്ള നന്ദി വാചാമഗോചരം തന്നെ.

കേസിലെ വാദിയായിരുന്ന മാർ തേവോദോസിയോസിനു വേണ്ടി പരേതനായ അടൂർ പറങ്കിമാമ്മൂട്ടിൽ ലൂക്കോസ് കത്തനാർ മുക്ത്യാർ ആയി സേവനം അനുഷ്ഠിച്ചു. കേസ് നടത്തിപ്പിനുവേണ്ടി വളരെയേറെ ബുദ്ധിമുട്ടിയത് റിട്ട. റവന്യൂ സൂപ്പർവൈസർ ചെങ്ങന്നൂർ പൂവത്തൂർ പി. സി. ഐസക്ക് ആയിരുന്നു. പെരുനാട്ടിൽ ബഥനി ആശ്രമത്തിനുവേണ്ടി സുധീരം മുൻനിരയിൽനിന്നു വളരെ കഷ്ടപ്പാടുകൾ സഹിച്ചവരിൽ, മാർ ഈവാനിയോസിന്റെ കാലംമുതലേ ബഥനി കാര്യസ്ഥനായിരുന്ന കാട്ടൂർ പാപ്പി, മൂലമണ്ണിൽ നൈനാൻ, ബഥനിയിലെ തൊഴിലാളികൾ തുടങ്ങിയവർ ചെയ്തിട്ടുള്ള ത്യാഗപൂർണ്ണമായ സേവനങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു.

പത്തനംതിട്ട മുൻസിഫ് കോടതിയിൽ 1945-ൽ (8-12-1120-ൽ) ബഥനി സുപ്പീരിയർ അലക്സിയോസ് മാർ തേവോദോസിയോസിനു വേണ്ടി മുക്ത്യാർകാരൻ ഫാ. സി. ഇ. ലൂക്കോസ് വാദിയായി അന്യായം ബോധിപ്പിച്ചു. കേസിൽ ഒന്നു മുതൽ നാലു വരെ പ്രതികൾ യഥാക്രമം കാഞ്ഞിര പ്പള്ളി കൊട്ടാരത്തിൽ കാത്തലിക് സിറിയൻ ക്രിസ്ത്യൻ ഇട്ടിയവിരാ മത്തായി, ടിയാന്റെ മകൻ മത്തായി ചാക്കോ, മണിക്കൊമ്പേൽ ഔസേപ്പ് ഔസേപ്പ്, തിരുവനന്തപുരം ആർച്ച് ബിഷപ്പ് ഗീവറുഗീസ് മാർ ഈവാനിയോസ് എന്നിവർ ആയിരുന്നു. നാലാംപ്രതി മാർ ഈവാനിയോസ് കാലം ചെയ്തതിനെ തുടർന്ന് തിരുവനന്തപുരം പട്ടം അരമനയിലിരിക്കും ബനഡിക്ട് മാർ ഗ്രീഗോറിയോസ് അഞ്ചാം പ്രതിയായി കേസിൽ കക്ഷിചേർന്നു. 6-5-1124-ലെ ഹൈക്കോടതി ഉത്തരവനുസരിച്ച് കേസ് മാവേലിക്കര ജില്ലാക്കോടതിയിലേക്ക് മാറ്റി. അവിടെ ഒ. എസ്. 41-124-ാം നമ്പരായി കേസ് വിചാരണ നടന്നുവരവേ കോടതിയുടെ അധികാര പരിധിയിലുണ്ടായ മാറ്റം മൂലം കേസ് തിരുവല്ലാ സബോർഡിനേറ്റ് ജഡ്ജിയുടെ കോടതിയിലേക്ക് 1957-ൽ മാറ്റുകയും ഒ. എസ്. 15-1957-ാം നമ്പരായി അന്യായം ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ഇരുഭാഗത്തെയും തെളിവെടുപ്പും വാദവും എല്ലാം കേട്ടശേഷം അവസാനമായി 14-3-1133-ൽ (30-10-1957) സബോർഡിനേറ്റ് ജഡ്ജി ജി. രാഘവൻ കേസിനു തീർപ്പു കല്പിച്ചു. ജഡ്ജി എഴുതിയ സുദീർഘമായ വിധിന്യായത്തിൽ തെളിവുകൾ എല്ലാം വിശദമായും, കൂലങ്കഷമായും വിലയിരുത്തി. തുടർന്ന് പ്രതികളുടെ ആക്ഷേപങ്ങളെല്ലാം തള്ളി വാദിയുടെ അന്യായപ്രകാരം ചെലവ് സഹിതം വാദിക്കനുകൂലമായി വിധി പറയുകയാണു ചെയ്തത്.

അന്യായത്തിൽ എ. പട്ടികയിൽ പറയുന്ന വസ്തുക്കളാണ് വാദി 120 കുംഭം 11-ാം തീയതിയിലെ 2393-ാം നമ്പർ വിലയാധാരപ്രകാരം ഒന്നുമുതൽ മൂന്നു വരെ പ്രതികൾക്കു തീറു കൊടുത്തിട്ടുള്ളതെന്നും അതനുസരിച്ച് അവർ അന്യായത്തിൽ ബി. പട്ടികയിൽ വിവരിക്കുന്ന വസ്തു എ പട്ടിക വസ്തുവിന് തൊട്ടു കിഴക്കുവശം നിന്ന് തുടർന്ന് തെക്കോട്ട് കിടക്കുന്നതും ബഥനി ആശ്രമ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നതും ഏറിയഭാഗവും സ്ഥിരദേഹണ്ഡങ്ങൾ ഉള്ളതും ബഥനി ആശ്രമാദ്ധ്യക്ഷൻ എന്ന നിലയിൽ വാദിയുടെ കൈവശാനുഭവത്തിൽ ഇരിക്കുന്നതും ആശ്രമവാസികൾ കുടിപാർത്തും പ്രവർത്തനങ്ങൾ നടത്തിവരുന്നതുമാകുന്നു എന്നും, എ-ബി, പട്ടിക വസ്തുക്കളുടെ ഇടയ്ക്ക് അതിരുകയ്യാല തീരാതെ കിടക്കുന്ന സാഹചര്യത്തിൽ ബി. പട്ടിക വസ്തുവിൽ ബലമായി പ്രവേശിച്ച് റോഡു വെട്ടണമെന്നും കെട്ടിടങ്ങളിൽ പ്രവേശിക്കണമെന്നും ഫലവൃക്ഷങ്ങൾ മുറിച്ചെടുത്തും ഭൂമിയിൽ രൂപഭേദങ്ങൾ വരുത്തിയും നാശനഷ്ടങ്ങൾക്കിടയാക്കണമെന്നും നാലാംപ്രതി മാർ ഈവാനിയോസിന്റെ പ്രേരണയ്ക്കു വശംവദരായി ഒന്നു മുതൽ മൂന്നു വരെ പ്രതികൾ മനഃപൂർവ്വം കരുതിക്കൂട്ടി ചെയ്തുവരുന്നുവെന്നും, അതിനാൽ എ-ബി പട്ടിക വസ്തുവിലാകട്ടെ അതിലുള്ള കെട്ടിടങ്ങളിലാകട്ടെ പ്രതികൾ പ്രവേശിക്കുകയോ നാശകൃത്യങ്ങൾ ചെയ്യുകയോ ഭൂമിയിൽ രൂപഭേദം വരുത്തുകയോ ചെയ്തുപോകരുതെന്നും പ്രതികളെ ശാശ്വതമായി നിരോധിക്കണമെന്നും മറ്റുമായിരുന്നു വാദിയുടെ അന്യായം.

അന്യായത്തിലെ മേൽപ്പറഞ്ഞ വസ്തുതകൾ എല്ലാം നിഷേധിച്ചുകൊണ്ട് ഒന്നു മുതൽ മൂന്നു വരെ പ്രതികളും നാലാം പ്രതി മാർ ഈവാനിയോസും പ്രത്യേകം പ്രത്യേകം പത്രിക സമർപ്പിച്ചു. വാദി ഒന്നും രണ്ടും മൂന്നും പ്രതികൾക്ക് വിറ്റതായി പറയുന്ന സ്ഥലം ബി. പട്ടിക വസ്തുവിൽപെട്ടതാണെന്നും വാദിക്ക് ‘എ’ പട്ടിക വസ്തുവിൽ ഉടമസ്ഥാവകാശമോ കൈവശാനുഭവമോ ഇല്ലാത്തതിനാൽ വാദിക്ക് വിൽക്കുവാൻ അവകാശമില്ലെന്നും ‘എ’ പട്ടിക വസ്തുവിന്റെ ഉടമസ്ഥതയും കൈവശാനുഭവവും മാർ ഈവാനിയോസിനുമായിരുന്നു എന്നുമാണ് പ്രതികളുടെ പ്രധാന ആക്ഷേപം. ഒന്നു മുതൽ മൂന്നു വരെ പ്രതികൾ വാദിയുടെ സ്ഥലത്ത് അന്യായത്തിൽ ആരോപിച്ചിട്ടുള്ളപ്രകാരം അനധികൃതമായി പ്രവേശിച്ച് നാശകൃത്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടില്ലെന്നും പത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. നാലാം പ്രതി മാർ ഈവാനിയോസിനുവേണ്ടി അദ്ദേഹത്തിന്റെ മുക്ത്യാർ കിളിലേത്ത് ഗീവർഗീസ് ചാക്കോ (മാനേജർ ചാക്കോ) സമർപ്പിച്ച പത്രികയിൽ 1120 കുംഭം 11-ാം തീയതിയിലെ 2393-ാം നമ്പർ വിലയാധാരം അനുസരിച്ച് വാദി ഒന്നു മുതൽ മൂന്നു വരെ പ്രതികൾക്ക് കൊടുത്തിട്ടുള്ളത് ‘എ’ പട്ടിക വസ്തു അല്ലെന്നും ആയത് എഴുതിക്കൊടുക്കുന്നതിന് വാദിക്ക് അവകാശമൊ അർഹതയൊ ഇല്ലെന്നും ‘എ’ പട്ടികയായി ചേർത്തിരിക്കുന്ന 105 ഏക്കറിൽ നൂറ് ഏക്കർ വസ്തു മാർ ഈവാനിയോസിന്റെ സ്വന്തം വകയും ടി വസ്തു 1095-ാമാണ്ടു മുതൽ അദ്ദേഹത്തിന്റെ പേരിൽ കൂട്ടികരം തീർത്ത് അനുഭവിച്ചുവരുന്നതും ആകുന്നു എന്നും അദ്ദേഹത്തിന്റെ പ്രേരണയ്ക്കു വശംവദരായിട്ടാണ് ഒന്നു മുതൽ മൂന്നു വരെ പ്രതികൾ വാദിയുടെ സ്ഥലത്തു കൈയേറ്റം ചെയ്യാൻ ശ്രമിച്ചതെന്നുമുള്ള വാദിയുടെ ആരോപണം അവാസ്തവവും ദുരുദ്ദേശ്യപരവുമാണെന്നും അതിനാൽ നാലാം പ്രതിയെ ഈ കേസിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ലെന്നും എടുത്തു പറഞ്ഞിരുന്നു.

പ്രതികളുടെ പത്രികയിൽ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് വാദിഭാഗം വിവരപ്പത്രിക (Replication) സമർപ്പിച്ചു. അതിൽ ആറാം ഖണ്ഡികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

“6. അന്യായം ബി. പട്ടികയിൽ വടക്കു കിഴക്കു ഭാഗം അറുപത്തിരണ്ട് ഏക്കർ 82 സെന്റും തെക്കുപടിഞ്ഞാറെ ഭാഗം മുപ്പത്തേഴ് ഏക്കർ 18 സെന്റും ഉൾപ്പെടെയുള്ള നൂറ് ഏക്കർ സ്ഥലം ബഥനി ആശ്രമസ്ഥാപനത്തിന് ഇ. ജെ. ജോൺ 92-ാമാണ്ട് വിട്ടുതന്നതിനെ തുടർന്ന് 95-ാമാണ്ട് മകരം 9-നു എഴുതിയിട്ടുള്ള ദാന ആധാരപ്രകാരം ടി ബഥനി ആശ്രമത്തിന് അടങ്ങിയിട്ടുള്ളതും അതിനെ തുടർന്നുള്ള അവകാശവഴി വാദി അനുഭവിച്ചു വരുന്നതും ബി. പട്ടികയിലെ ബാക്കി വസ്തുക്കളും എ. പട്ടിക വസ്തുവും 111-ലെ 533-ാം നമ്പർ ആധാരംവഴി വാദിക്കു കിട്ടിയിട്ടുള്ളതും ആകുന്നു.”

ടി വാദിഭാഗം വിവരപ്പത്രിക 9-ാം ഖണ്ഡികയിൽ ഇപ്രകാരം പറഞ്ഞിരിക്കു

ന്നു: “9. അന്യായം എ. പട്ടിക വസ്തുവിന് നാലാം പ്രതിക്ക് യാതൊരവകാശവുമില്ല. നാലാം പ്രതിക്കു എന്തവകാശവഴി കിട്ടിയെന്നു പറയാതിരിക്കുന്നതുതന്നെ കൃത്രിമമാകുന്നു. നാലാംപ്രതി ഉദ്ദേശിക്കുന്നത് 95-ലെ ഇ. ജെ. ജോണിന്റെ ആധാരവഴിയാണെങ്കിൽ അത് അന്യായം എ. പട്ടിക വസ്തുവിനല്ല. ടി ദാന ആധാരപ്രകാരം നാലാം പ്രതിക്ക് യാതൊരു പ്രത്യേക അവകാശവും സിദ്ധിക്കുന്നില്ല. ആയത് ബഥനി ആശ്രമത്തിലേക്ക് വിട്ടുതന്നിട്ടുള്ളതും നാലാം പ്രതി ടി ബഥനിയിൽ നിന്നു മാത്രമല്ല മലങ്കര സുറിയാനി സഭയിൽ നിന്നു തന്നെയും പിരിഞ്ഞുപോയിട്ടുള്ളതും ടി സഭയ്ക്ക് ഇതരനായിത്തീർന്നിട്ടുള്ളതും ആ നിലയിൽ ബഥനിയെ പ്രതിനിധാനം ചെയ്യാൻ അവകാശമില്ലാത്തതും വാദി ഇപ്പോഴത്തെ ബഥനി ആശ്രമാദ്ധ്യക്ഷനും, അതു പ്രതികൾ സമ്മതിച്ചിട്ടുള്ളതുമാകുന്നു. ടി ആധാരപ്രകാരം നാലാം പ്രതിക്ക് യാതൊരവകാശവും സിദ്ധിച്ചിട്ടില്ലെന്ന് നാലാം പ്രതി തന്നെ പല പ്രാവശ്യവും സമ്മതിച്ചിട്ടുള്ളതും ആകുന്നു.”

ഈ കേസിന്റെ വിചാരണവേളയിൽ പ്രതിഭാഗം ഒന്നാം സാക്ഷിയായി മാർ ഈവാനിയോസിന്റെ സ്വന്ത സഹോദരൻ മത്തായി പണിക്കർ 1950 ജനുവരി 28-നു മാവേലിക്കര കോടതിയിൽ (1124-ൽ സിവിൽ 41-ാം നമ്പർ) കൊടുത്ത മൊഴിയിൽ ചീഫിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നതായി കാണുന്നു:

ചോദ്യം: മി. ഇ. ജെ. ജോൺ 4-ാം പ്രതിക്ക് ദാനം കൊടുത്ത വസ്തുക്കൾ അന്യായപ്പട്ടികയിൽ ഏത് വസ്തുവാണ്?

ഉത്തരം: ‘എ പട്ടികയിൽ പെട്ട നൂറ് ഏക്കർ വസ്തുവാണ്.’

അഞ്ചാം പ്രതിയുടെ മുക്ത്യാർ പന്തളം മലഞ്ചരിവിൽ വറുഗീസ് മത്തായി 1957 മാർച്ച് 26-നു മാവേലിക്കര കോടതിയിൽ പ്രതിഭാഗം രണ്ടാം സാക്ഷിയായി മൊഴി കൊടുക്കുമ്പോൾ ചീഫ് വിസ്താരത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

ചോദ്യം: അന്യായം ‘എ’ പട്ടിക ഒന്നും രണ്ടും മൂന്നും നമ്പർ വസ്തുക്കളിൽ വിവരിക്കുന്ന നൂറ് ഏക്കർ ആരുടെ വകയാണ്?

ഉത്തരം: നാലാം പ്രതിയുടേതാണ്. ഇപ്പോൾ അഞ്ചാം പ്രതിയുടേതാണ്.

ആ സ്ഥലത്ത് വാദിക്കോ ഒന്നു മുതൽ മൂന്നു വരെ പ്രതികൾക്കോ അവകാശ കൈവശമില്ല. ആ വസ്തു അന്യായം കൊടുക്കുമ്പോൾ നാലാം പ്രതിക്കായിരുന്നു കൈവശം. അന്യായത്തിനുശേഷം ബഥനി ആശ്രമത്തിനു വേണ്ടി അഞ്ചാം പ്രതിക്കാണ് കൈവശം. നാലാം പ്രതിക്കു ടി നൂറ് ഏക്കർ സ്ഥലം 1092-ൽ കൈവശം കിട്ടി. ടി നൂറ് ഏക്കർ സ്ഥലം 1920 ജനുവരി 22-നു നാലാം പ്രതിപേർക്കു ദാനപത്രപ്രകാരം കൊടുത്തു.

നാലാം പ്രതിയുടെ വിവരപ്പത്രികയിലും പ്രതിഭാഗം ഒന്നും രണ്ടും സാക്ഷികളുടെ മൊഴിയിൽ നിന്ന് പരോക്ഷമായും പ്രത്യക്ഷമായും ഇ. ജെ. ജോൺ ബഥനി ആശ്രമത്തിനായി ദാനം ചെയ്ത നൂറ് ഏക്കർ സ്ഥലം അന്യായത്തിലുള്ള ‘എ’ പട്ടിക വസ്തുവാണെന്നും അത് മാർ ഈവാനിയോസിന്റെ കൈവശാവകാശത്തിൽ ഇരിക്കയാണെന്നും സ്ഥാപിക്കാനുള്ള ഒരു വിഫലശ്രമം മാർ ഈവാനിയോസും കൂട്ടുപ്രതികളും നടത്തിയതായി കാണാം.

ഈ കേസിലെ 3-ാം പ്രതി ഔസേഫ് ഔസേഫ് പേർക്ക് വാദി തീറായി എഴുതിക്കൊടുത്ത ‘എ’ പട്ടിക വസ്തുവിലുള്ള സ്ഥലം അഞ്ചാം പ്രതി ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഈ കേസ് നിലവിലിരിക്കെ 1954 സെപ്റ്റംബർ 30-ാം തീയതി റാന്നി സബ് രജിസ്ട്രാർ ആഫീസിൽ 4008-ാം നമ്പരായുള്ള പരസ്പരമാറ്റ ആധാരപ്രകാരം 3-ാം പ്രതിയോട് എഴുതി വാങ്ങിക്കുകയും ടി ആധാരത്തിന്റെ പകർപ്പ് വാദിഭാഗത്തു നിന്നു തെളിവിലേക്കായി കോടതിയിൽ ഹാജരാക്കിയത് Exbit എ.സി. ആയി അക്കമിട്ട് സ്വീകരിക്കയും ജഡ്ജി തന്റെ വിധിന്യായത്തിൽ ഇക്കാര്യം പരിഗണിക്കയും ചെയ്തിട്ടുള്ളതാണ്.

ഈ കേസിൽ ഹൈക്കോടതിയുടെ അപ്പീൽ വിചാരണയിൽ അന്തിമ തീരുമാനമുണ്ടാകുന്നതിന് (1961 ഫെബ്രുവരി 21) ഏകദേശം ഒൻപത് മാസം മുമ്പ് (1960 മെയ് 21) ഈ കേസിലെ അഞ്ചാം പ്രതി ബനഡിക്ട് മാർ ഗ്രീഗോറിയോസ് മറ്റ് ഒന്നും രണ്ടും പ്രതികളോട് അവർക്ക് കേസിലെ വാദിയായ മാർ തേവോദോസിയോസ് മൊത്തം നൂറ്റഞ്ച് ഏക്കറിന് ഇരുപത്തോരായിരം രൂപ വിലയ്ക്ക് 1120 കുംഭം 11-നു റാന്നി സബ് രജിസ്ട്രാർ ആഫീസിൽ 2393-ാം നമ്പരായി എഴുതിക്കൊടുത്ത തീറാധാരപ്രകാരം ‘എ’ പട്ടിക വസ്തുവിൽ ഔസേഫ് ഔസേഫ് വിട്ടുപോയതിനു ബാക്കിയുള്ള അവകാശവും കൈവശവും മുഴുവനായി അര ലക്ഷം രൂപ വില സമ്മതിച്ച് പതിനായിരം രൂപാ അഡ്വാൻസായി കൊടുത്ത് 1960 മേയ് 21-നു റാന്നി സബ് രജിസ്ട്രാർ 1993-ാം നമ്പരായി ഒരു കരാർപത്രം രജിസ്റ്റർ ആക്കി അതിന്റെ ശരിപ്പകർപ്പും അപ്പീലിൽ ഹൈക്കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. 1095 മുതൽ ടി ‘എ’ പട്ടിക വസ്തു നാലാം പ്രതി മാർ ഈവാനിയോസിന്റെ ഉടമസ്ഥതയിലും കൈവശാനുഭവത്തിലുമാണെന്നും വാദി മാർ തേവോദോസിയോസിനോ ഒന്നുമുതൽ പ്രതികൾക്കോ ‘എ’ പട്ടിക വസ്തുവിൽ യാതൊരവകാശവുമില്ലെന്നും മാർ ഈവാനിയോസിന്റെ പത്രികയിൽ ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളതാണല്ലോ. ടി ‘എ’ പട്ടിക വസ്തുവാണ് ഒന്നു മുതൽ മൂന്നു വരെ പ്രതികളോട് മാർ ഈവാനിയോസിന്റെ പിൻഗാമിയും അഞ്ചാം പ്രതിയുമായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഇങ്ങനെ വില കൊടുത്ത് വാങ്ങിയിട്ടുള്ളതെന്നതു അനുസ്മരണീയമാണ്.

ആലപ്പുഴ ജില്ലാക്കോടതിയിൽ 1109-ാമാണ്ടു സിവിൽ 213-ാം നമ്പർ കേസിൽ പ്രതിഭാഗം രണ്ടാം സാക്ഷിയായി 1119 മിഥുനം 22 മുതൽ മാർ ഈവാനിയോസ് കൊടുത്ത മൊഴികൾ മാർ തേവോദോസിയോസ് വാദിയായ കേസിൽ തെളിവിലേക്കായി വാദിഭാഗം ഹാജരാക്കിയിട്ടുള്ളതും അത് Exbit എ. എഫ്. ആയി അക്കമിട്ട് സ്വീകരിച്ചിട്ടുള്ളതുമാണ്. ആ മൊഴിയിൽ മാർ ഈവാനിയോസ് ഇപ്രകാരം പ്രസ്താവിച്ചു കാണുന്നു: “നാം ബഥനി സ്ഥാപിക്കുവാൻ നിശ്ചയിച്ച ശേഷം അതിലേക്കു സഹായകമായി ഇ. ജെ. ജോൺ നൂറ് ഏക്കർ സ്ഥലം ദാനം ചെയ്യുകയുണ്ടായി. അതനുസരിച്ച് അദ്ദേഹം ഒരാധാരം എഴുതി അദ്ദേഹം തന്നെ ഹാജരാക്കി രജിസ്റ്റർ ചെയ്യിച്ച് നമ്മുടെ പേർക്ക് അയച്ചുതന്നു. അതിൻപ്രകാരം നാം ആധാരം സ്വീകരിക്കയാകട്ടെ, ആ വസ്തു കൈവശത്തിലെടുത്ത് അവിടെ കാട് തെളിക്കയോ, കെട്ടിടങ്ങൾ സ്ഥാപിക്കയോ കൃഷി ചെയ്യുകയോ യാതൊന്നും ചെയ്തില്ല. നാം ആധാരം നിഷേധിക്കുകയും സ്ഥലം ഉപേക്ഷിക്കുകയും ചെയ്തു. ഒരു നിരുപാധിക ദാനം അല്ലായിരുന്നതുകൊണ്ടാണ് ആ ആധാരം നിഷേധിച്ചതും സ്ഥലം ഉപേക്ഷിച്ചതും. താഴെപ്പറയുന്ന ചോദ്യത്തിനുള്ള ഉത്തരം.”

തിരുമേനി ബഥനി സ്ഥാപിക്കുന്ന കാലത്ത് ഇ. ജെ. ജോൺ കുറെ സ്ഥലം വാഗ്ദാനം ചെയ്തിരുന്നോ?

ഉത്തരം: ... ഇ. ജോൺ സിറിയക്ക് വശമാണു നമ്മുടെ അടുക്കൽ ആധാരം എത്തിച്ചത്. അയാളോട് അസ്സൽ ആധാരം വാങ്ങി നമ്മുടെ കൈവശം വച്ചു. അനന്തരം നാം ആധാര സഹിതം തിരുവനന്തപുരത്ത് ഇ. ജെ. ജോണിന്റെ വീട്ടിൽ എത്തി. ഇ. ജെ. ജോണും മിസിസ് ഇ. ജെ. ജോണും കൂടെയുള്ള സന്ദർഭത്തിൽ നമ്മുടെ കൈകൊണ്ട് ആധാരം അവരുടെ കൈയിൽ കൊടുത്തു. ആധാരത്തിൽ പറയുന്ന വസ്തു നമ്മുടെ കൈവശം ഇല്ല. അതിന്റെ കരം നാം കൊടുക്കുന്നില്ല എന്ന് ഉത്തരം.

ഈ കേസിലെ തെളിവുകൾ എല്ലാം വിശദമായി വിശകലനം ചെയ്തശേഷം പ്രതികളുടെ പത്രികയിൽ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളെല്ലാം കാര്യകാരണസഹിതം തള്ളിക്കൊണ്ട് വാദിയുടെ അന്യായപ്രകാരം വിധി പ്രസ്താവിച്ച കോടതി അന്യായത്തിൽ എ പട്ടിക വസ്തു തന്റെ കൈവശാനുഭവത്തിലാണെന്നുള്ള നാലാം പ്രതി മാർ ഈവാനിയോസിന്റെ അവകാശവാദം തള്ളിക്കൊണ്ട് ഇപ്രകാരം വിധിന്യായത്തിൽ പ്രസ്താവിച്ചിരിക്കുന്നു:

“I hold further that the Defts 1 to 3 were never in possession of 105 acres in the plaint B schedule property under the Sale Deed in their favour. Similarly the claim advanced by the 4th Deft that he is entitled to 100 acres of property in the plaint A schedule and he is in possession of the same is not only devoid of substance but also false. I find these issues against the Defts.”

(തർജമ: ഒന്നു മുതൽ മൂന്നു വരെ പ്രതികൾ അവർക്കു ലഭിച്ച തീറാധാരപ്രകാരമുള്ള 105 ഏക്കർ വസ്തു ബി പട്ടിക വസ്തുവിൽ ഒരിക്കലും കൈവശം വച്ചിരുന്നില്ല എന്നും അതുപോലെ അന്യായം ‘എ’ പട്ടിക വസ്തുവിൽ നൂറ് ഏക്കർ സ്ഥലം തനിക്കവകാശപ്പെട്ടതാണെന്നും അതു തന്റെ കൈവശമാണെന്നും നാലാം പ്രതി ഉന്നയിച്ചിട്ടുള്ള അവകാശവാദത്തിൽ കഴമ്പില്ലെന്നു മാത്രമല്ല, അതു കളവാണെന്നും (Devoid of substance and also false) കൂടി ഞാൻ തുടർന്നും തീരുമാനിക്കുന്നു. ഈ വാദമുഖങ്ങൾ പ്രതികൾക്കെതിരായി ഞാൻ തീരുമാനിക്കുന്നു.)

തിരുവല്ല കോടതിയിൽ നിന്നു പ്രതികൾക്കു ദോഷമായി ചെലവു സഹിതം

വാദിയുടെ അന്യായപ്രകാരം വിധിയുണ്ടായപ്പോൾ ഒന്നു മുതൽ മൂന്നു വരെ പ്രതികൾ കേരള ഹൈക്കോടതിയിൽ (A.S. No. 380 of 1958) അപ്പീൽ കൊടുത്തു. അതിനിടയിൽ ഒരു രസം (സൂത്രം) കൂടി പ്രസ്താവിച്ചു കൊള്ളട്ടെ. ഈ കേസ് അപ്പീൽ കൊടുത്തപ്പോൾ, അപ്പീൽ രണ്ടാം പ്രതിയായി (ഒറിജിനൽ കേസിലെ അഞ്ചാം പ്രതിയായ ബനഡികരർ മാർ ഗ്രീഗോറിയോ സിനെകൂടെ) ചേർത്തു.

ജസ്റ്റീസ് എം. എസ്. മേനോനും ജസ്റ്റീസ് റ്റി. സി. രാഘവനും ഉൾപ്പെട്ട ഡിവിഷൻ ബഞ്ചിൽ കേസ് വാദത്തിനു വന്നപ്പോൾ പ്രതിഭാഗം കേസ് പ്രസ് ചെയ്യാതിരുന്നതുകൊണ്ട് അപ്പീൽ ചെലവു സഹിതം തള്ളി മാർ തേവോദോസിയോസിന് അനുകൂലമായി 1961 ഫെബ്രു. 21-നു (1136 കുംഭം 10) വിധി പ്രസ്താവിച്ചു. അങ്ങനെ ഒടുവിൽ കീഴ്ക്കോടതി വിധി പ്രാബല്യത്തിൽ വന്നു.

ചേപ്പാട്ട് ഓർത്തഡോക്സ് പള്ളിവക യു.പി. സ്കൂൾ മാനേജുമെന്റ് സംബന്ധമായി ആലപ്പുഴ ജില്ലാക്കോടതിയിൽ നടന്ന കേസിൽ (O.S. No. 213/ 1109) ബഥനി ആശ്രമത്തിന് ജോൺ വക്കീൽ ദാനമായി കൊടുത്ത വസ്തുവോ ദാനആധാരമോ താൻ സ്വീകരിക്കുകയോ, കൈവശം വയ്ക്കുകയോ, അതിന്റെ കരം കെട്ടുകയോ ചെയ്തിട്ടില്ലെന്നു 1119-ൽ (1944) സത്യം ചെയ്തു മൊഴി കൊടുക്കുകയും, എന്നാൽ ബഥനി ആശ്രമത്തിനുവേണ്ടി 1945-ൽ മാർ തേവോദോസിയോസ് വാദിയായി കൊടുത്ത കേസിൽ നാലാം പ്രതിയായ മാർ ഈവാനിയോസ് (മാവേലിക്കര കോടതി മുമ്പാകെ 1124 അസ്സൽ നമ്പർ 41) സമർപ്പിച്ച പത്രികയിൽ ടി വസ്തു 1095 (1920) മുതൽ മാർ ഈവാനിയോസിന്റെ 'പേരിൽ കൂട്ടി കരം തീർത്ത് അനുഭവിച്ചു വരുന്ന'താണെന്ന് എടുത്തു പറയുകയുമാണ് ചെയ്തിട്ടുള്ളത്. ഈ കേസിൽ തിരുവല്ലാ സബോർഡിനേറ്റ് ജഡ്ജി തന്റെ വിധിന്യായത്തിൽ ഇക്കാര്യം പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്:

"In the prior deposition referred to above the 4th Deft has admitted in the most unequivocal language that he had relinguished all claims over Ext property before he left Bethany Asram in 105 or 106, and the original Ext F itself had been sent back by him to the donor. He denies also to have even enjoyed Ext F property in Ext AF deposition. The above admissions made by the 4th Deft in Exts AD & AF have been specifically referred to DW 2 while he was in the box during cross examination."

കേസിൽ തീരുമാനത്തിനു വന്ന ഏഴാമത്തെ ഇഷ്യൂ നാലാം പ്രതി മാർ ഈവാനിയോസിനെ ഈ കേസിൽ പ്രതി ചേർക്കേണ്ട ആവശ്യം ഉണ്ടായിരുന്നോ എന്നതായിരുന്നു. മാർ ഈവാനിയോസിനെ വാദിഭാഗം കക്ഷി ചേർത്തതിനെക്കുറിച്ച് നാലാം പ്രതിയുടെ കാര്യവിവരപ്പത്രികയിൽ ഇപ്രകാരമാണ് ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളത്: "ഈ അന്യായം കൃത്രിമ ഉദ്ദേശ്യത്തിന്മേൽ യാതൊരു ഉത്തമവിശ്വാസവും കൂടാതെ നാലാം പ്രതിയെ അനാവശ്യമായി കക്ഷി ചേർത്ത് ബോധിപ്പിച്ചിട്ടുള്ളതും ആയത് യാതൊരു കാരണവശാലും വഹിക്കത്തക്കത് അല്ലാത്തതുമാകുന്നു. ... നമ്മുടെ പ്രേരണയ്ക്ക് വശംവദരായി ഒന്നു മുതൽ മൂന്നു വരെ പ്രതികൾ ഇപ്രകാരം ചെയ്തിരിക്കുന്നു എന്ന പ്രസ്താവന അവാസ്തവവും ദുരുദ്ദേശ്യപരവുമാണ്."

ഇതേക്കുറിച്ചുള്ള തീരുമാനം തിരുവല്ല കോടതി ജഡ്ജി തന്റെ വിധിന്യായത്തിൽ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്:

"DWL and DW5 are Defts 1 and 3 respectively. They were won over by the 4th Deft on the eve of the institution of this suit is clear from Ext XXXVII, executed by them in favour of 4th Deft. Ext AC also points to the same inference. They have also admitted in the box that they had been all along in touch with Deft 4 th & 5 and their Mukthiar holders."

"It is clear from the evidence in this case that Defts 1 to 3 who now contend that the property purchased by them under Ext D is 100 acres on the western portion of the plaint B Schedule property and 5 acres on the eastern extremity of a schedule property are really in possession of plaint A schedule property alone and they have set up a false contention claiming title and possession over the properties which were not actually conveyed to them at the instance of the Defts 4 th & 5 and under the influence of their mukthiar holders. I do not believe Defts 1 to 3 and DWS 2 and 7 when they swear that the 4 th Deft was in possession of plaint A schedule property....

All these facts would point to the one and only inference that there is no foundation of Truth in the contention set up by the Defts 1 to 4 and also by the 5 th Deft. On a consideration of the evidence and circumstances of this case, I therefore hold that the property sold by the palintiff to Defts 1 to 3 under Ext D and surrendered to them as per the document is the plaint A schedule property are not 105 acres in plaint B schedule as contended by them."

"4th Deft is a necessary party especially in view of the fact the plaintiff has a definite case that the Defts 1 to 3 are advancing false claims at the instigation of the 4 th Deft. I therefore hold that the 4 th Deft is a necessary party to this suit."

"13. For reasons stated by me in dealing with issues 1 to 7 I hold that the plaintiff is entitled to all reliefs claimed by him and the contentions set up by the Defts are false. Their contention are hence negatived. They are liable for the causes of the plaintiff. Issues found accordingly."

EXT F - 22-1-1920 ലെ ഇ. ജെ. ജോൺ വക്കീലിന്റെ ഇഷ്ടദാന ആധാരത്തിന്റെ പകർപ്പ്.

EXT AF - മാർ ഈവാനിയോസ് പ്രതിഭാഗം രണ്ടാം സാക്ഷിയായി ആലപ്പുഴ ജില്ലാക്കോടതിയിൽ കൊടുത്ത ഒ. എസ്. 213-1110 ൽ കേസിൽ കൊടുത്ത മൊഴിപ്പകർപ്പ്.

EXT AD - പ്രതിഭാഗം 1-ാം സാക്ഷിയായി ഹരിപ്പാട് മുൻസിഫ് കോടതിയിൽ ഒ. എസ്. 202-112 കേസിൽ മാർ ഈവാനിയോസ് കൊടുത്ത മൊഴിപ്പകർപ്പ്.

EXTD - 11-7-120 ൽ മാർ തേവോദോസിയോസ് 1 മുതൽ 3 വരെ പ്രതികൾക്ക് കൊടുത്ത തീറാധാര പകർപ്പ്.

EXTE - 21-3-1111-ൽ മാർ ഈവാനിയോസിന്റെ "ബഥനി ട്രസ്റ്റികൾ" (പെരുമാൾ കൊച്ചുമ്മൻ മുതൽപേർ) വാദി Fr. Alexios Mar Thedosius കൊടുത്ത തീറാധാരപ്പകർപ്പ്.

EXTAC - 1954 സെ. 30-നു 5-ാം പ്രതിയും (ബനഡിക്ട് മാർ ഗ്രീഗോറിയോസ്) 3-ാം പ്രതിയും തമ്മിലുള്ള പരസ്പര കൈമാറ്റ ആധാരപ്പകർപ്പ്.

EXT XXXVIII - 1-ാം പ്രതി ഇട്ടിയവിര മത്തായിയും മറ്റും 5-ാം പ്രതി ബനഡിക്ട് മാർ ഗ്രീഗോറിയോസിനു 1960 മെയ് 20-ാം തീയതി നൽകിയ കരാർ പത്രം (10000/- Advance for schedule property).

DW2 - 5-ാം പ്രതി (മാർ ഗ്രീഗോറിയോസിന്റെ) മുക്ത്യാർ മൊഴി.

DW 7 - 4-ാം പ്രതി മാർ ഈവാനിയോസിന്റെ മുക്ത്യാർ മത്തായി പണിക്കർ.

(തുടരും)

ഉമ്മൻ പി.ഏബ്രഹാമിന് ഡോക്ടറേറ്റ്



ഉമ്മൻ പി. ഏബ്രഹാമിന് ഡോക്ടറേറ്റ്. എച്.ജെ. ഇൻറർനാഷണൽ ഗ്രാജുവേറ്റ് സ്കൂൾ ഫോർ പീസ് ആൻറ് പബ്ലിക് ലീഡർഷിപ്പിൽ പ്രൊഫസർ ഡോ. ഡ്രിസ കോൺ, ഡോ. ജേക്കബ് ഡേവിഡ് എന്നിവരുടെ മേൽനോട്ടത്തിലാണ് ഗവേഷണം പൂർത്തിയാക്കിയത്. തിയോളജി എംഫസിസ് ഓൺ ഫാമിലി മിനിസ്ട്രി ആൻറ് എഡ്യുക്കേഷൻസിലാണ് ഗവേഷണം നടത്തിയത്.

മാവേലിക്കര തോനയ്ക്കാട് സ്വദേശിയായ ഡോ. ഉമ്മൻ പി. ഏബ്രഹാം ഓർഗാനിക് കെമസ്ട്രിയിൽ ബിരുദാനന്തര ബിരുദം നേടിയതിനെ തുടർന്ന് 1980-ൽ ന്യൂയോർക്കിലെത്തി. സോഫ്റ്റ്വെയർ എഞ്ചിനീയറിംഗിൽ (കമ്പ്യൂട്ടർ സയൻസ്) മാസ്റ്റർ ബിരുദം നേടിയശേഷം 1986 മുതൽ ന്യൂയോർക്കിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഡവലപ്മെൻറിൽ ജോലി ചെയ്യുന്നു. 2014-ൽ ക്യൂൻസ് സെൻറ് ജോൺസ് യൂണിവേഴ്സിറ്റിയിൽ നിന്നും സിസ്റ്റമാറ്റിക് തിയോളജിയിൽ മാസ്റ്റർ ബിരുദവും നേടിയിട്ടുണ്ട്. ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം സീനിയർ എഡിറ്റർ, ലഫ്റ്റനൻറ് കെ.സി.ഏബ്രഹാം ഫൗണ്ടേഷൻ പ്രസിഡൻറ്, പാലമൂട്ടിൽ കുടുംബയോഗം സെക്രട്ടറി എന്നീ നിലകളിലും സാമൂഹിക സാംസ്കാരിക മേഖലയിലും പ്രവർത്തിക്കുന്നു. പിതാവിന്റെ സ്മരണാർത്ഥം ധീരദേശാഭിമാനി ലഫ്റ്റനൻറ് കെ. സി. ഏബ്രഹാം ഐ.എൻ.എ എന്ന ജീവചരിത്രഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ന്യൂയോർക്ക് ലോങ് ഐലൻറ് സെൻറ് തോമസ് മലങ്കര ഓർത്തഡോക്സ് ഇടവകാംഗമാണ്. ഭാര്യ സൂസൻ ഏബ്രഹാം. മക്കൾ: ഏബ്രഹാം ഉമ്മൻ, വർഗീസ് ഉമ്മൻ.

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം നാലാം ഞായർ

(വി. മത്തായി 14:14–23)

ഫാ. ജെറിൻ ജോൺ അടൂർ



പഴയനിയമത്തിൽ മരുഭൂമിയിൽ വച്ച് ഇസ്രായേൽ ജനത്തിന് അദ്ഭുതമായ രീതിയിൽ "മന്ന" നൽകി സംതൃപ്തനാക്കിയ അതേ ദൈവം തന്നെയാണ് പുതിയനിയമത്തിൽ തന്റെ പുത്രനിലൂടെ വിജനപ്രദേശത്ത് ഒരുമിച്ചു കൂടിയ വലിയൊരു സമൂഹത്തെ വീണ്ടും അദ്ഭുതകരമായ രീതിയിൽ "അപ്പവും മീനും" നൽകി സംതൃപ്തരാക്കുന്നത്. ഗലീലയിലെ അയ്യായിരത്തോളം പുരുഷന്മാരും കൂടാതെ സ്ത്രീകളും കുട്ടികളും യേശു നൽകിയ അപ്പം ഭക്ഷിച്ച് തൃപ്തരായി എങ്കിൽ ഇന്ന് ലോകത്തെ കോടാനുകോടി മനുഷ്യർ യേശുവാകുന്ന ജീവന്റെ അപ്പം ഭക്ഷിച്ച് തൃപ്തരാകുന്നു.

മാനുഷിക ബുദ്ധിയുടെ പരിമിതി നിർണയിക്കപ്പെടുന്നു

ഫിലിപ്പോസിനെ യേശു പരീക്ഷിക്കുന്നു. "ഈ വലിയ ജനക്കൂട്ടത്തിന് ഭക്ഷിക്കുവാൻ എവിടെ നിന്ന് അപ്പം വാങ്ങും" എന്ന ചോദ്യം യേശു ഉന്നയിക്കുന്നു. ഫിലിപ്പോസാകട്ടെ തന്റെ മാനുഷിക ബുദ്ധികൊണ്ട് കണക്ക് കൂട്ടി അതുപോലും വിജയകരമാകില്ലന്ന് കണ്ടെത്തുന്നു. "ഓരോരുത്തർക്കും അല്പം പോലും കൊടുക്കുവാൻ ഇരുനൂറ് ദനാറയ്ക്കുള്ള അപ്പം പോലും തികയുകയില്ല." മാനുഷിക ബുദ്ധി കൊണ്ട് കണക്ക് കൂട്ടി പരിമിതമായ ഉത്തരം നല്കി അത്പോലും പരാജയപ്പെട്ട് പോകുന്ന മനുഷ്യന്റെ പ്രതിനിധിയാണ് ഫിലിപ്പോസ്. ഫിലിപ്പോസിനെപ്പോലെ നാമും കണക്ക് കൂട്ടിയിട്ടുണ്ട്. നമ്മുടെ കണക്ക് കൂട്ടലുകളെല്ലാം വിജയകരമാകില്ലന്നറിഞ്ഞ് നിരാശപ്പെട്ടിട്ടുമുണ്ട്. ഈ അത്ഭുതം നൽകുന്ന പാഠമിതാണ്, പരീക്ഷണ കാലഘട്ടത്തിൽ നാം നമ്മുടേതായ ഉത്തരങ്ങൾ കണ്ടെത്തുന്നത് സ്വാഭാവികമാണ് എന്നാൽ ദൈവത്തെ പ്രവർത്തിക്കാനനുവദിക്കുക അവൻ നമ്മുടെ ജീവിതത്തെ അത്ഭുതങ്ങൾ കൊണ്ട് നിറയ്ക്കും.

എളിയവരിലൂടെ വലിയ അദ്ഭുതങ്ങളെ പ്രവർത്തിക്കുന്ന ക്രിസ്തു

അഞ്ചപ്പവും രണ്ട് മീനും കൈവശമുള്ള ഒരു കുട്ടി ഇവിടെയുണ്ട് എന്ന് യേശുവിനോട് പറയുന്നത് അന്ത്രയോസാണ്. തനിക്ക് ചുറ്റുമുള്ളവരിൽ ഏറ്റവും ചെറിയവരെ കണ്ടെത്തുവാനും അവരെ ശ്രദ്ധിക്കുവാനും കഴിഞ്ഞു എന്നുള്ളതാണ് അന്ത്രയോസിന്റെ പ്രത്യേകത. നമ്മുടെ ഇടവകയിലെയും സമൂഹത്തിലേയും ചെറിയവരെ കാണുവാനും, ശ്രദ്ധിക്കുവാനും, അവർക്കെന്തുണ്ടന്ന് മനസ്സിലാക്കുവാനും അന്ത്രയോസ് നമ്മെ പഠിപ്പിക്കുന്നു. എളിയവരിലൂടെ അവരിലെ ചെറിയ കാര്യങ്ങളിലൂടെയാണ് യേശു വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത്. ഇവിടെ യേശു മാജിക്കിലൂടെ അപ്പം സൃഷ്ടിക്കുകയല്ല മറിച്ച് ആ ബാലൻ കൊടുത്തതിനെ വർദ്ധിപ്പിക്കുകയാണ്.

എലിശാ പ്രവാചകന്റെയടുക്കൽ ഒരാൾ ആദ്യഫലങ്ങൾ കൊണ്ടുണ്ടാക്കിയ അപ്പവും ഇരുപത് ബാർലിയപ്പവും കുറെ പുതിയ ധാന്യ കതിരുകളും സഞ്ചിയിലാക്കികൊണ്ട് വന്നു കൊടുത്തു. പഴയ നിയമത്തിൽ ആദ്യഫലങ്ങളും ധാന്യവും എപ്പോഴും ദൈവത്തിന് കാഴ്ചയർപ്പിക്കേണ്ട ഒന്നാണ്. അത് പ്രവാചകന് നല്കുന്നത് വഴിയും പ്രവാചകനത് മറ്റുള്ളവർക്ക് നൽകുന്നത് വഴിയും ഏതൊരു നന്മപ്രവർത്തിയും ദൈവത്തിന് കാഴ്ചയർപ്പിക്കുന്നതിന് തുല്യമാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. വി.യോഹന്നാൻ സുവിശേഷകനാകട്ടെ ബാർളിയപ്പങ്ങളെ യേശുവിന് നല്കുന്നതായി പറഞ്ഞുകൊണ്ട് ഈ രണ്ട് അദ്ഭുതങ്ങളേയും പരസ്പരം ബന്ധിപ്പിക്കുന്നു.

അന്ന് എലീശാ പ്രവാചകനിലൂടെയാണങ്കിൽ ഇന്നത് ദൈവ പുത്രനായ യേശുവിലൂടെ. അതുകൊണ്ട് തന്നെയാണ് തൃപ്തരായ ജനങ്ങൾ യേശുവിനെ നോക്കി പറയുന്നത്. "ലോകത്തിലേയ്ക്ക് വരാനിരിക്കുന്ന പ്രവാചകൻ സത്യമായും ഇവനാണ്". നമ്മുടെ ജീവിതത്തിലും അദ്ഭുതം പ്രവർത്തിക്കുന്നതിന് മുൻപ് യേശു നമ്മോട് ചോദിക്കുന്നത് നമ്മുടെ കൈയ്യിലെന്തുണ്ടെന്നാണ്? നമുക്കുള്ളത് നാം യേശുവിന് നല്കുമ്പോൾ അത് നമുക്ക് ചുറ്റുമുള്ളവർക്കും അനുഗ്രഹമാകുന്ന രീതിയിൽ അവൻ വർദ്ധിപ്പിക്കും. നമ്മുടെ കാലത്തെ



അത്ഭുതം എന്നത് "സമ്പത്തിന്റെ മാത്രം" വർദ്ധനവല്ല. അത് സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും, സഹോദര്യത്തിലും, കൂട്ടായ്മയുടേയും വർദ്ധനവ് കൂടിയാണ്.

അപരന്റെ വിശപ്പിനോടുള്ള ക്രിസ്തുവിന്റെ കരുതൽ

ഭക്ഷണം പങ്കുവയ്ക്കുക എന്നതായിരുന്നു സാംസ്കാരിക മനുഷ്യന്റെ പരിണാമത്തിലെ ആദ്യ ചുവടുവയ്പ്. ഭക്ഷണത്തിനായി അർത്ഥിക്കുകയും, അതിനെ വാഴ്ത്തുകയും ചെയ്തതായിരുന്നു അവരുടെ ആദ്യ പ്രാർത്ഥനകൾ. ഭാരതീയ പാരമ്പര്യത്തിൽ ദൈവത്തിനു നേദിക്കാതെ നമുക്കു ഭക്ഷിക്കാൻ അവകാശമില്ല. അങ്ങനെ ഭക്ഷണം പ്രസാദമായി മാറുന്നു നേർച്ച

മനുഷ്യയാതനകളുടെയും, ഏകാന്തതയുടെയും, ദാരിദ്ര്യത്തിന്റെയും ജീവിത പരിസരങ്ങളിൽ നമുക്ക് എന്തു ചെയ്യാനാകും, എന്നു ചിന്തിക്കേണ്ടതാണ്. അങ്ങനെയുള്ള അവസരങ്ങളിൽ ആവലാതിപ്പെടുന്നതോ വേവലാതിപ്പെടുന്നതോ പ്രതിവിധിയല്ല, മറിച്ച് നമ്മാൽ കഴിവുള്ളത് ചെയ്യുകയാണു വേണ്ടത്. സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുന്ന ചെറുബാലനെപ്പോലെ നാമും ഉള്ളതിൽനിന്നും സന്തോഷത്തോടെ പങ്കുവയ്ക്കുവാൻ തയ്യാറാവണം. തീർച്ചയായും നമുക്കൊക്കെ ഏറെ സമയവും കഴിവും, ചിലപ്പോൾ വൈദഗ്ദ്ധ്യവുമുണ്ട്! എന്നാൽ ആർക്കാണ് 'അഞ്ച് അപ്പവും രണ്ടു മീനുമില്ലാത്തത്?' ഉള്ളത് പാവങ്ങളെപ്രതി ദൈവകരങ്ങളിൽ സമർപ്പിക്കാനായാൽ, അവിടുന്ന് ഇന്നും നമ്മുടെ ജീവിതങ്ങളിലും ജീവിതചുറ്റുപാടുകളിലും വീണ്ടും അദ്ഭുതങ്ങൾ പ്രവർത്തിക്കും. അങ്ങനെ പങ്കുവയ്ക്കലിലൂടെ നമ്മുടെ ലോകത്ത് കൂടുതൽ സ്നേഹവും, സമാധാനവും, നീതിയും, എല്ലാറ്റിനും ഉപരി സന്തോഷവും വളരുവാൻ ഇടയാകും. സന്തോഷമാണ് നമ്മുടെ ലോകത്ത് ഇല്ലാത്തത്! മനുഷ്യഹൃദയങ്ങളിൽ സന്തോഷമില്ല. ഐക്യദാർഢ്യത്തിനായുള്ള നമ്മുടെ ചെറിയ പരിശ്രമങ്ങളെ ഫലവത്താക്കുവാനും, സമ്പന്നമാക്കുവാനും ക്രിസ്തുവിനു സാധിക്കും. അങ്ങനെ നമ്മെയും ദൈവികദാനങ്ങളിൽ അവിടുന്നു പങ്കുകാരാക്കും. നമ്മുടെ ജീവിതങ്ങളെ സന്തോഷഭരിതമാക്കും! ആത്മീയാനന്ദത്താൽ നിറയ്ക്കും

ദൈവം തരുന്ന സ്വർഗ്ഗീയ മന്നയിലേയ്ക്ക് എന്നും നമ്മെ നയിക്കുവാൻ പ്രാർത്ഥനയ്ക്ക് കരുത്തുണ്ട്. അത് മാന്യമായ ജീവിതത്തിന് വഴിയൊരുക്കും. സ്നേഹവും പങ്കുവയ്ക്കലും ജീവിതത്തിൽ ഉറപ്പു വരുത്തും. ❑

SUSTAINING LIFE THROUGH THE LEFT OVER CRUMBS

(Fourth Sunday after Pentecost Matt 14:14-23)

Fr. Sajoie Samuel



The Gospel of Matthew provides a rich tapestry of Jesus' life, teachings, and miracles. In Matthew 14:14-23, we encounter a remarkable event: the miraculous feeding of the multitude. The episodes reveals profound truths about Jesus' compassion, power, and His intimate relationship with His followers. After the death of John the Baptist, Jesus preaches to a multitude and in the evening Jesus doesn't want to save them away hungry and forlorn. So 5 loaves and 2 fish are blessed to feed a multitude of more than 5000 men.

I. GOD HAS THE SOLUTION TO OUR PROBLEMS EVEN BEFORE WE CONFRONT IT

It is indeed a amazing phenomena to note the care and affection God has towards His people. Even before Jesus starts His preaching, a mother packs a tiffin for her son to satiate his hunger. She was oblivious of the end result of the food that was packed. Hence even before anyone could feel hungry listening to the words of eternal life, God had ready the answer to earthly hunger. The people sat in Jesus presence and learned about the Kingdom of Heaven through His teachings. Jesus takes care of their spiritual as well as their physical needs.

Are we bogged down by the unpleasant events unfolding in our lives? Are we groping in the dark for the answers to our afflictions? If yes, then the 5 loaves are just a stone throw distance from us that would provide us solace. Let us sit with God. Let us break the Word with Him. Let us partake of the Heavenly feast by being spiritually active with the Father. Because, if we enthrust ourselves in God's hands, He will ensure the best for us.

II. DONT LET YOUR LIMITED THINKING CLASH WITH JESUS' DIVINE PROVIDENCE

The Bible throws up interesting episodes where human faculties give up hope but Godly intervention ensures a deluge of provisions. The widow of Zarephat discovers that while the world around her was affected by drought, her jar of flour and jug of oil never ceased to run over (1 Kings Ch.17) Hannah, a barren and mocked lady prays to God and is blessed by a son named Samuel (1 Kings Ch. 01). A sweet lad (David) in his teens, having no military pedigree takes on a spiritual warrior named Goliath and kills him (1 Sam Ch. 17). Abraham believed in an offspring even in his old age (Genesis Ch. 17) . Cain thought his kinsmen would kill him for murdering his brother but God assures him safety (Genesis Ch. 04). Adam disobeyed God and hid, while God doesn't destroy him, but gives him a second chance (Genesis Ch. 03)

Such incidents galore in the Bible wherein God beats the limited expectation of humans and shows forth His providence. In today's Gospel portion the disciples are confronted with a dilemma that none before them would have found themselves in. It is not a small task to be asked to feed a multitude with limited resources. Limitations on earth become abundance in heaven. So let us have faith in God so that He would multiply our limitations and make them plentitude for us.

III. LOOK BEYOND YOUR NEEDS AND REACH OUT TO OTHERS

This chapter starts with a lot of emotional strain on Jesus. The news of incarceration of St. John the Baptist, His cousin would have been a painful dilemma. To take rest Jesus went to a desolate place. But a big crowd follows Him and He preached to them. Jesus has always been in search of time to be in solitude to have a one on one relationship with His heavenly Father. Inspite of his exhaustive and tired schedule, Jesus is concerned about feeding the multitude.

In a nutshell wasn't His life an epitome of serving others even when He was in anguish and pain? On the cross, when He suffered pain that no other human could suffer, He was more concerned about entrusting His mother to the care of His beloved disciple (John) and to ensure paradise to the repentant thief. He who led a life sans blame or sin ensured we would have the luxury of being perfect like Him. In a Christian context, it is paramount to be mindful of the pain and anguish suffered by others as we have a responsibility to replicate the love showed by our Messaih towards others..

IV. USE THE LEFT OVER BLESSINGS IN YOUR LIFE JUDICIOUSLY

Swami Gururethnam in one of his homilies says , I quote " The touch me not plant's plea to be not harmed is for the sake of the whole earth.... Neither fallen flowers nor leaves complain to God, but fallen trees have stories to tell about human selfishness. Their endurance of heat provided us with shade, their endurance through the rain brought forth water to sustain us. Yet we always waited with an axe in hand. We must protect at any cost to prevent deterioration everyday". I un quote. These words are a clarion call for humans to safeguard the earth. But human callousness has brought forth utter destruction on earth.

Jesus directs His disciples to gather together the fragments left. In divine perspective broken things are more important than wholesome products. A broken and repentant Prodigal son is more important in the heavenly scheme of things than a haughty but dutiful elder brother. A virgin girl, who stayed in the temple, who was considered broken by the society is elevated to being the Theotokos (Greek for mother of God). In would not be wrong to conclude that the word waste does not exist in heaven.

Matthew 14:14-23 reminds us that Jesus is both compassionate and powerful. He meets our physical needs and calls us to participate in His miracles. When storms arise, He walks on the troubled waters of our lives. As we navigate our own journeys, may we seek His presence, trust His provision, and step out in faith—even when the waves threaten to overwhelm us.

◆